I.ഇ.ബി. XII-കേരള നിയമസഭ/VII-9

# പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

## നിയമസഭാ നടപടികള്‍ - സംഗ്രഹം

(ചോദ്യോത്തരങ്ങള്‍ ഒഴികെ)

2008 മാര്‍ച്ച് 12, ബുധന്‍

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കര്‍ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയില്‍ നിയമസഭാഹാളില്‍ യോഗം ചേര്‍ന്നു.

(8.30 മുതല്‍ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിരപ്രമേയം**

**കണ്ണൂരിലെ രാഷ്ട്രീയ കൊലപാതകങ്ങള്‍ സംബന്ധിച്ച് ഹൈക്കോടതിയുടെ പരാമര്‍ശം**

മി. സ്പീക്കര്‍: കണ്ണൂരിലെ രാഷ്ട്രീയ കൊലപാതകങ്ങള്‍ അവസാനിപ്പിക്കുന്നതിന് കേന്ദ്രസേനയെ വിന്യസിപ്പിക്കണമെന്ന ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരാമര്‍ശംമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികള്‍ നിര്‍ത്തിവച്ച് ചര്‍ച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സര്‍വ്വശ്രീ കെ.സി. വേണുഗോപാല്‍, സി.ടി. അഹമ്മദ് അലി, തോമസ് ചാഴികാടന്‍, കെ.ബി. ഗണേഷ് കുമാര്‍, കെ.കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങള്‍ റൂള്‍ 50 അനുസരിച്ച് നോട്ടീസ് നല്‍കിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): കണ്ണൂർ തലശ്ശേരി മുഴപ്പില ങ്ങാട് സ്വദേശിയും തേജസ്സ് പത്രത്തിന്റെ വിതരണക്കാരനും എൻ.ഡി.എഫ്. പ്രവർത്തകനുമായ മുഹമ്മദ് ഫസലിനെ തിരുവങ്ങാട് സെയ്താൽ പള്ളിക്ക് സമീപമുള്ള റോഡിൽവച്ച് 2006 ഒക്ടോബർ 22-ാം തീയതി വെളുപ്പിന് വെട്ടി ക്കൊലപ്പെടുത്തിയ നിലയിൽ കാണപ്പെട്ടതുസംബന്ധിച്ച് തലശ്ശേരി പോലീസ് സ്റ്റേഷനിൽ ഒരു കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കണ്ണൂർ ഡി.സി.ആർ.ബി. യിലെ ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് അന്വേഷണം നടത്തിവരവെ വിശദമായ അന്വേഷണ ത്തിനായി ഈ കേസ്സ് ക്രൈം ബ്രാഞ്ച് സി.ഐ.ഡി.ക്ക് കൈമാറുകയും കണ്ണൂർ ക്രൈംബ്രാഞ്ച് ഒരു പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് അന്വേഷണം നടത്തിയിട്ടുള്ളതുമാണ്. കേസ്സന്വേഷണം സി.ബി.ഐ.യ്ക്ക് കൈമാറണമെന്ന് ആവശ്യപ്പെട്ട് മരണപ്പെട്ട ഫസലിന്റെ ഭാര്യ ഒരു റിട്ട് ഹർജി ഫയൽ ചെയ്തുവെങ്കിലും ഹൈക്കോടതി 14-02-2007-ൽ അത് തള്ളുകയാണുണ്ടാ യത്. കേസ്സിലെ രണ്ടും മൂന്നും പ്രതികളെ 4-10-2007-ന് അറസ്റ്റ് ചെയ്യു കയും അവരുടെ മൊഴിപ്രകാരം ആയുധങ്ങൾ കണ്ടെടുക്കുകയും മറ്റൊരു പ്രതിയെ 10-10-07-ന് അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്യുകയും ചെയ്തി ട്ടുണ്ട്. കേസ്സന്വേഷണം സി.ബി.ഐ.യ്ക്ക് വിടണമെന്ന് ആവശ്യപ്പെട്ട് ഫസലിന്റെ ഭാര്യ വീണ്ടും 29-3-07-ൽ റിട്ട് ഫയൽ ചെയ്യുകയും ബഹുമാനപ്പെട്ട ഹൈക്കോടതി അത് ഫയലിൽ സ്വീകരിക്കുകയും കേസ്സ് സി.ബി.ഐ. അന്വേഷിക്കണമെന്ന് 2008 മാർച്ച് 11-ാം തീയതി ഹൈക്കോടതി ഉത്തരവായിട്ടുള്ളതുമാണ്. 2006-ൽ അന്വേഷണ വിധേയമാക്കിയ ഈ

സംഭവവും 2008-ലെ സംഭവങ്ങളും തമ്മിൽ യാതൊരു ബന്ധവുമില്ലാത്തതാണ്. ഫസൽ വധക്കേസ്സിന്റെ വാദമുഖങ്ങൾ കഴിഞ്ഞ് കോടതി വിധി പ്രതീക്ഷിച്ചിരിക്കുമ്പോൾ കക്ഷികളോടോ വക്കീലന്മാരോടോ യാതൊരു വിശദീകരണവും തേടാതെ 2008-ൽ നടന്ന സംഭവങ്ങളെ സംബന്ധിച്ച് കോടതി സ്വയം അഭിപ്രായപ്രകടനം നടത്തിയതായാണ് കാണുന്നത്. ഏതെങ്കിലും പ്രദേശത്ത് കേന്ദ്രസേനയെ വിന്യസിപ്പിക്കണമോ വേണ്ടയോയെന്ന് തീരുമാനിക്കാനുള്ള ഭരണഘടനാപരമായ അധികാരം സംസ്ഥാന സർക്കാരിലും ഏതെങ്കിലും സമയത്ത് സംസ്ഥാന സർക്കാരിനെ മറികടന്ന് അപ്രകാരം ചെയ്യണമോയെന്ന് തീരുമാനിക്കാനുള്ള അധികാരം ചില അടിയന്തിര ഘട്ടങ്ങളിൽ കേന്ദ്ര സർക്കാരിലും നിക്ഷിപ്തമാണ്. തലശ്ശേരിയിലുണ്ടായ സംഭവങ്ങൾ 10-3-2008-ൽ ഇന്ത്യൻ പാർലമെന്റിൽ പരാമർശ വിധേയമായപ്പോൾ ഇക്കാര്യത്തിൽ കേന്ദ്രം നേരിട്ട് ഇടപെടേണ്ട ആവശ്യമില്ല എന്ന് ബഹുമാനപ്പെട്ട കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രി തന്നെ പാർലമെന്റിൽ പ്രസ്താവിച്ചിട്ടുണ്ട്. അതിനുശേഷവും ഇത്തരത്തിലുള്ള ഹൈക്കോടതിയുടെ അഭിപ്രായപ്രകടനങ്ങൾക്ക് അടിസ്ഥാനമായ കാരണമെന്തെന്നോ വസ്തുതകൾ എന്താണെന്നോ വിധിയിൽ വ്യക്തമാക്കിയിട്ടില്ല. ഒരു സംസ്ഥാനത്തിന്റെ ഗവർണ്ണർ എന്താണ് ചെയ്യേണ്ടതെന്ന് തീരുമാനിക്കുന്നത് ഭരണഘടനാപരമായ ഒരു പ്രക്രിയയാണ്. ഗവർണ്ണറും അദ്ദേഹത്തിന്റെ ക്യാബിനറ്റും തമ്മിലുള്ള പരസ്പര വിശ്വാസവും സഹകരണവും ഇക്കാര്യത്തിൽ അന്തർലീനമായിരിക്കുന്നു. ഗവർണ്ണറുടേയോ സർക്കാരിന്റേയോ അഭിപ്രായം ആരായാതെ ഹൈക്കോടതി ഇത്തരത്തിൽ അഭിപ്രായപ്രകടനം നടത്തിയതിന്റെ അടിസ്ഥാനം വ്യക്തമല്ല. സമാധാന ചർച്ചകൾ കബളിപ്പിക്കലാണ് എന്നുള്ള

കോടതിയുടെ നിഗമനം വസ്തുതാപരമല്ലായെന്ന് സർക്കാർ കരുതുന്നു. സർവ്വകക്ഷി യോഗം വിളിക്കണമെന്ന് സംസ്ഥാനത്തെ എല്ലാ രാഷ്ട്രീയ പാർട്ടികളും വ്യക്തമാക്കിയ സാഹചര്യത്തിൽ കേന്ദ്രസേനാ വിന്യാസം ഏതെങ്കിലും പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്ന ഒറ്റമൂലിയാണെന്ന് വിശ്വ സിക്കാൻ ആർക്കും സാധിക്കില്ല. മാത്രമല്ല, കേന്ദ്രസേനയെ വിന്യസിപ്പിക്കണ മെന്ന ആവശ്യം ആരും ഹൈക്കോടതിയിൽ ഉന്നയിച്ചിട്ടില്ല. അതുകൊണ്ട് നോട്ടീസ് ലഭിച്ച കേസ്സിന്റെ പരിധിക്ക് അപ്പുറത്തേയ്ക്കുവരുന്ന പരാമർശ ങ്ങൾ കോടതിയുടെ അന്തിമ തീർപ്പായി കരുതുവാൻ സാധിക്കില്ല. ബഹുമാന പ്പെട്ട ഹൈക്കോടതിയും മറ്റ് കോടതികളും പരിഗണനാ വിഷയങ്ങളിൽനിന്ന് വ്യതിചലിച്ച് വ്യവസ്ഥാപിതമായ മാർഗ്ഗത്തിലൂടെ അല്ലാതെ അഭിപ്രായ പ്രക ടനം നടത്തുന്നത് ശരിയല്ലെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി തന്നെ ആവർത്തിച്ച് വ്യക്തമാക്കിയിട്ടുള്ളതാണ്. അക്രമ സംഭവങ്ങൾ ഉണ്ടായപ്പോ ഴെല്ലാം സർക്കാർ നിശ്ചയദാർഢ്യത്തോടെ അവ അമർച്ച ചെയ്തിട്ടുണ്ട്. ക്രമസമാധാനപാലനത്തിൽ ഇൻഡ്യയിൽത്തന്നെ ഏറ്റവും മെച്ചപ്പെട്ട സംസ്ഥാനമായി അംഗീകരിക്കപ്പെട്ട കേരളത്തിൽ കേന്ദ്രസേനയെ വിന്യസിപ്പിക്കേണ്ട ആവശ്യമില്ല. കേന്ദ്രമന്ത്രി തന്നെ പാർലമെന്റിൽ ഈ വിഷയത്തിലുള്ള നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരത്തിലുണ്ടായ അഭിപ്രായപ്രകടനത്തിന് അടിസ്ഥാനമായ കാരണങ്ങൾ എന്താണെന്ന് ഈ വിധിന്യായത്തിൽ വ്യക്തമാക്കിയിട്ടില്ല. ഹൈക്കോടതിയുടെ അധികാര പരിധിക്ക് പുറത്തുള്ള ഇത്തരം ഇടപെടലുകൾ സുപ്രീം കോടതിയുടെ നിലവി ലുള്ള നിർദ്ദേശങ്ങൾക്കുപോലും എതിരാണ്. ഇക്കാര്യങ്ങൾ കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി സർക്കാരിന് എതിരായ പരാമർശങ്ങൾ നീക്കിക്കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. കെ.സി. വേണുഗോപാൽ:</u> അത്യപൂർവ്വമായ ഒരു സാഹചര്യമാണ് സംസ്ഥാനത്ത് നിലവിലുള്ളത്. കേരളത്തിൽ നിയമ സമാധാന പാലനത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ച ഫസൽ വധക്കേസിന്റെ നാൾവഴികളിലൂടെ പോയാൽ കാണാൻ സാധിക്കും. സി.പി.ഐ.(എം)കാർ തന്നെയാണ് ഫസലിനെ കൊലപ്പെടുത്തിയത് എന്നാണ് ഫസലിന്റെ വിധവ കോടതി മുമ്പാകെ വെളിവാക്കിയിരിക്കുന്നത്. സി.ഐ.-യെക്കൊണ്ട് അന്വേഷിപ്പിച്ച ഈ കേസ് ഒരു മാസം കഴിഞ്ഞപ്പോൾ സ്പെഷ്യൽ ക്രൈം ഡിറ്റാച്ച്മെന്റിനെ ഏൽപ്പിക്കുകയും വീണ്ടും കണ്ണൂർ ക്രൈംബ്രാഞ്ച് എസ്.പി.യെ ഏൽപ്പിക്കുകയും ചെയ്തു. ഈ അന്വേഷണം നടക്കുന്നതിനിടെ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ട് ഹൈക്കോടതിയിൽ കേസ് വന്നപ്പോൾ പ്രസ്തുത അന്വേഷണം കോഴിക്കോട് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ ഏൽപ്പിച്ചു. ഈ കേസ് അന്വേഷണം പല ഏജൻസികളെ ഏൽപ്പിച്ചത് എന്തിനാണെന്നുകൂടി കോടതി പരിശോധിച്ചു. മൂന്ന് പ്രതികളെ അറസ്റ്റ് ചെയ്തുവെങ്കിലും അവർ പ്രതികളല്ലെന്നും യഥാർത്ഥ പ്രതികളെ അറിയാമെന്നുമാണ് സി.പി.ഐ.(എം) ജില്ലാ സെക്രട്ടറി പറഞ്ഞത്. അറസ്റ്റ് ചെയ്ത പ്രതികളെ ശിക്ഷിക്കത്തക്ക ഒരു തെളിവും കോടതിയിൽ ഹാജരാക്കിയില്ല. അതിനെക്കുറിച്ചും വിധിന്യായത്തിൽ കൃത്യമായി പറയുന്നുണ്ട്. 2008-ലെ കണ്ണൂർ സംഭവത്തിന് ഇതുമായി യാതൊരു ബന്ധവുമില്ലെന്നാണ് മുഖ്യമന്ത്രി പറയുന്നത്. എന്നാൽ ആഭ്യന്തര വകുപ്പുമന്ത്രിയുടെ വീടിനടുത്തുള്ള ജിതേഷിന്റെ മരണം അന്വേഷിക്കുന്ന കേസ് ഡയറി പരിശോധിച്ചാൽ ഫസൽ വധത്തിനാധാരമായ സംഭവ വികാസങ്ങൾ മനസ്സിലാകും. . കഴിഞ്ഞ 4 മാസക്കാലത്തിനുള്ളിൽ

നടന്ന രാഷ്ട്രീയകൊലപാതകങ്ങളാണ് ഹൈക്കോടതിയെ ഇത്തരത്തിലുള്ള ഒരു ജഡ്ജ്മെന്റിലേയ്ക്ക് നയിച്ചത്. ഉത്സവം, വിവാഹം എന്നിവ മാറ്റി വയ്ക്കേണ്ടുന്ന അത്യപൂർവ്വമായ ഒരു സാഹചര്യമാണ് കണ്ണൂരിലും തലശ്ശേരി യിലും നിലവിലുള്ളത്. മുഖ്യമന്ത്രിയുടെ ഈ മറുപടിയിലൂടെ കേരളത്തിലെ ജനങ്ങളുടെ സംഭീതാവസ്ഥ ദൂരീകരിക്കാൻ സാധിക്കുകയില്ല. യഥാർത്ഥ പ്രതികളെ രക്ഷിക്കുന്നതിലൂടെ കേരളത്തിൽ ഭീകരാവസ്ഥ സൃഷ്ടിക്കപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യണം.

**ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ)** : 2006 ഒക്ടോബർ 22-ാം തീയതി നടന്ന കൊലപാത കത്തെ സംബന്ധിച്ച് നാല് ഏജൻസികൾ അന്വേഷിച്ചു എന്നുപറയുന്നത് വസ്തുതാപരമായി ശരിയല്ല. ലോക്കൽ പോലീസിന്റെ ഭാഗമായ ഡിവൈ.എസ്.പി.യുടെ (ഡി.സി.ആർ.ബി.) നേതൃത്വത്തിൽ ഈ കേസ് അന്വേഷിച്ചു. കേസ്സന്വേഷണം നീണ്ടുപോകുമെന്ന് മനസ്സിലായപ്പോഴാണ് 06-11-2006-ന് ക്രൈം ബ്രാഞ്ചിന് വിട്ടത്. ക്രൈം ബ്രാഞ്ചിന്റെ അന്വേഷണം ത്വരിതഗതിയിലാക്കണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് ക്രൈംബ്രാഞ്ച് എസ്.പി.യുടെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയോഗിച്ച് അന്വേഷണം നടത്തിയത്. അതിന്റെ അടിസ്ഥാനത്തിൽ സംശയമുള്ളവരെ പോളിഗ്രാഫ് ടെസ്റ്റിന് വിധേയമാക്കുകയും നൂറോളം പേരെ ചോദ്യം ചെയ്യുകയും ചെയ്തതിനുശേഷമാണ് മൂന്ന് പേരെ പ്രതികളാക്കി കേസ് ചാർജ്ജ് ചെയ്ത് കോടതിയിൽ സമർപ്പിച്ചത്. അവർ സി.പി.ഐ (എം) അനുഭാവികളാണ്.

ഗവൺമെന്റ് ഈ പ്രശ്നത്തിൽ ഇടപെട്ടിട്ടില്ല. ഹൈക്കോടതി കേസ്സിന്റെ നിരീക്ഷണം നടത്തിയത് വസ്തുതകളുടെ അടിസ്ഥാനത്തിലല്ല. ഈ കേസ് ക്രൈംബ്രാഞ്ചിന് തിരിച്ചുവിടേണ്ടതില്ല എന്ന് ഹൈക്കോടതി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അവസാനിപ്പിച്ച കേസ്സാണ് പിന്നീട് റിട്ട് പെറ്റീഷനായി വീണ്ടും ഹൈക്കോടതിയിൽ വന്നത്. അതുകൊണ്ട് ഇൻവെസ്റ്റിഗേഷൻ നടക്കുന്നതിനിടയിൽ ഇത്തരത്തിലൊരു ഇടപെടൽ എന്തുകൊണ്ടുണ്ടായി എന്നുളളത് പരിശോധിക്കേണ്ടതുണ്ട്. ഈ കേസ്സിന്റെ വിവിധ തലങ്ങളിലുളള അന്വേഷണം നടന്നുവരുന്നു എന്നുളളത് കോടതിയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കോടതി വിധി ഉയർത്തിപ്പിടിച്ച് വിവാദങ്ങളുണ്ടാക്കാനുള്ള പ്രതിപക്ഷ ശ്രമം വൃഥാവിലാണ്. നേതാക്കന്മാർ രക്ഷപ്പെടുന്നു എന്ന കോടതിയുടെ പരാമർശം ശരിയാണോ എന്നുള്ളത് പരിശോധിക്കണം. പ്രസ്തുത കോടതിവിധി തലശ്ശേരി-കണ്ണൂർ മേഖലകളിലെ രാഷ്ട്രീയ നേതൃത്വത്തെയാകെ അപഹസിക്കുന്ന വിധത്തിലുള്ളതാണ്. എല്ലാ രാഷ്ട്രീയക്കാരും കുഴപ്പക്കാരാണെന്നും സർവ്വകക്ഷി യോഗം ഒരു പ്രഹസനമാണെന്നും കോടതി പറയുന്നു. ഇത്തരം കോടതി പരാമർശങ്ങളോട് പ്രതിപക്ഷം യോജിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കണം. ചീഫ് സെക്രട്ടറിയുടേയോ അഡ്വക്കേറ്റ് ജനറലിന്റെയോ അഭിപ്രായമാരായാതെ ഇങ്ങനെയൊരു നിഗമനത്തിൽ ഗവർണ്ണർക്ക് നിർദ്ദേശം കൊടുക്കാൻ ഹൈക്കോടതി ജഡ്ജിക്ക് അധികാരമുണ്ടോ എന്നുള്ളതാണ് പ്രശ്നം. ഇത് ഭരണഘടനാവിരുദ്ധമായ നടപടിയാണ്. ഇത്തരം പ്രശ്നങ്ങളിൽ . കേന്ദ്ര സേന ഇടപെടണമോ എന്ന് തീരുമാനിക്കേണ്ടത് അതാത് സംസ്ഥാന ഗവൺമെന്റുകളാണ് എന്ന കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിയുടെ പ്രസ്താവനയോട് യോജിക്കുകയാണ്. സംസ്ഥാനത്ത് കേന്ദ്രസേനയുടെ

യാതൊരാവശ്യവുമില്ല; പോലീസ് സുശക്തമാണ്. ഹൈക്കോടതിയിൽ നിന്നുണ്ടായ പ്രസ്തുത പരാമർശം അനുചിതമാണ്; അതു നീക്കിക്കിട്ടാൻ സുപ്രീംകോടതിയെ സമീപിക്കും. ഹൈക്കോടതിയും കേരളാ ഗവൺമെന്റും തമ്മിൽ നല്ല ബന്ധമാണുള്ളത്. ഇത്തരം പരാമർശങ്ങൾ സംസ്ഥാനത്തിന്റെ ഫെഡറൽ ഘടനയെത്തന്നെ പ്രതികൂലമായി ബാധിക്കും. ഇതു സംബന്ധിച്ച് ഹൈക്കോടതി ഡിവിഷൻ ബഞ്ചിനെ സമീപിച്ച് അപ്പീൽ സമർപ്പിച്ച് നിഷ്പ ക്ഷമായ അന്വേഷണം നടത്തി നിയമപരമായ നടപടികൾ സ്വീകരി ക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാ കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): പ്രതിപക്ഷത്തെക്കൂടി ബാധിക്കത്തക്കതരത്തിൽ ഹൈക്കോടതി ജഡ്ജ് രാഷ്ട്രീയപാർട്ടികളെ ക്കുറിച്ച് പറഞ്ഞിട്ടുള്ളതിനെ സംബന്ധിച്ച് പ്രതിപക്ഷം ഒരു വാക്കുപോലും പരാമർശിച്ചില്ല. കോടതിവിധിയുമായി ബന്ധപ്പെട്ട് അടിയന്തിരപ്രമേയം അവതരിപ്പിച്ചതിൽ ഖേദം പ്രകടിപ്പിച്ചുകൊണ്ട് ഇത് പിൻവലിച്ച് നല്ല ഒരു കീഴ്‌വഴക്കം സൃഷ്ടിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(അടിയന്തിര പ്രമേയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്ന ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചാണ്ടി, കെ.എം. മാണി, സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷകക്ഷി നേതാക്കന്മാർ പ്രസ്താവനകൾ നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം സഭയിൽ ഹാജരാകുകയും ചെയ്തു.)

## ശ്രദ്ധ ക്ഷണിക്കൽ

(1) <u>ചെറുകിട റബ്ബർ കച്ചവടക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ</u>

<u>ശ്രീ. കെ.. ശിവദാസൻ നായർ</u> : വാറ്റ് നടപ്പാക്കിയ ശേഷം റബ്ബർ വ്യാപാരികൾ ബുദ്ധിമുട്ടിലാണ്. 2006-07-ലെ കണക്ക് അനുസരിച്ച് 634100 മെട്രിക് ടൺ റബ്ബർ സംസ്ഥാനത്തുനിന്നും പുറത്തുപോകുന്നു. ഔട്ട് പുട്ട് ടാക്സിനെക്കാൾ ഇൻപുട്ട് ടാക്സ് കൂടിയാൽ വാറ്റ് ആക്ടിന്റെ സെക്ഷൻ 11(6) പ്രൊവൈസോ അനുസരിച്ച് സെറ്റ് ഓഫ് അനുവദിക്കാൻ വ്യവസ്ഥയുണ്ട്. സെറ്റ് ഓഫ് അഡ്ജസ്റ്റ് ചെയ്തതിനുശേഷം വരുന്ന തുകയാണ് റീഫണ്ടായി അനുവദിക്കുന്നത്. റീഫണ്ടിനുവേണ്ടി പൂർണ്ണമായ അപേക്ഷ സമർപ്പിച്ചാൽ മൂന്ന് മാസത്തിനകം തീരുമാനമെടുക്കണമെന്നുണ്ടെങ്കിലും ഈ സമയ പരിധിക്കുള്ളിൽ ഉദ്യോഗസ്ഥർ തീരുമാനം എടുക്കുന്നില്ല. ഇപ്രകാരം കാലതാമസം ഉണ്ടാകുന്നതിലൂടെ വ്യാപാരികൾക്ക് മുതൽമുടക്ക് തുക ബ്ളോക്കാകുന്നു. ഒരു വർഷത്തിനുള്ളിൽ തീരുമാനം എടുത്തില്ലെങ്കിൽ അടുത്ത വർഷത്തേയ്ക്ക് ക്യാരി ഓവർ ചെയ്യുന്നതിന് ഓപ്ഷൻ അനുവദിക്കണം. സാങ്കേതിക കാരണങ്ങളാൽ തീരുമാനം എടുക്കുന്നതിൽ കാലതാമസം വരുത്തുന്നത് അവസാനിപ്പിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ : തോമസ് ഐസക്</u>): കെ.ജി.എസ്.ടി. യിൽ റബ്ബറിന് 12.65 ശതമാനം നികുതി ഉണ്ടായിരുന്നത് വാറ്റിൽ 4 ശതമാനമായി കുറഞ്ഞു. ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കുമെന്നതുകൊണ്ട് എല്ലാ കച്ചവടക്കാരും രജിസ്ട്രേഷൻ എടുക്കുമെന്നും നികുതിയുടെ പരിധിയിൽവരുമെന്നും പ്രതീക്ഷിച്ചെങ്കിലും അത് ഉണ്ടായില്ല. ഈ മേഖലയിലെ നികുതി വരുമാനം ഗണ്യമായി കുറഞ്ഞു. അന്തർ സംസ്ഥാന

വിൽപ്പന നികുതി, കയറ്റുമതി നികുതി, അന്തർ സംസ്ഥാന സ്റ്റോക്ക് ട്രൻസ്ഫറിന് ബാധകമായ ഇൻപുട്ട് നികുതി എന്നിവ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിൽ തട്ടിക്കഴിക്കുന്നതിനും റീഫണ്ട് നൽകുന്നതിനും ആവശ്യമായ രേഖകളായ ഫോം 21 (ജെ), ഫോം 44, കേന്ദ്ര വിൽപ്പന നികുതി പ്രകാരമുള്ള ഡിക്ളറേഷൻ എന്നിവ യഥാസമയത്ത് ഹാജരാക്കാത്തതിനാൽ റീഫണ്ട് അനുവദിക്കുന്നതിൽ കാലതാമസം വന്നു. നിലവിൽ രജിസ്ട്രേഷൻ ഇല്ലാത്തവരിൽനിന്ന് ഒരു വ്യാപാരി റബ്ബർ വാങ്ങുമ്പോൾ 4 ശതമാനം നിരക്കിൽ വാങ്ങൽ നികുതി അടയ്ക്കണം. അന്തർ സംസ്ഥാന വിൽപ്പനയോ സ്റ്റോക്ക് ട്രാൻസ്ഫറോ നടത്തുമ്പോൾ ഒരു ശതമാനം നികുതിക്ക് റീഫണ്ടിന് അർഹതയുണ്ട്. മേൽപ്പറഞ്ഞ രേഖകളുടെ അഭാവത്തിൽ റീഫണ്ട് അനുവദിക്കാൻ പ്രയാസം നേരിടുന്ന വ്യാപാരികൾ അപേക്ഷ യഥാസമയം സമർപ്പിച്ചാൽ റീഫണ്ട് ഉടൻതന്നെ നൽകാൻ സാധിക്കും. നിലവിലുള്ള ഇ-ഫയലിംഗ് വ്യവസ്ഥ വ്യാപാരികൾ സ്വീകരിക്കുകയാണെങ്കിൽ കമ്പ്യൂട്ടർവഴി നികുതിപരിശോധന എളുപ്പമാക്കി കാലതാമസം ഒഴിവാക്കാൻ സാധിക്കും. റീഫണ്ടിനുള്ള അപേക്ഷ നിശ്ചിത സമയത്തിനുള്ളിൽ കൊടുക്കണമെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ നിയമത്തിന്റെ അറിവില്ലായ്മമൂലം പലരും യഥാസമയത്ത് അപേക്ഷ കൊടുക്കാറില്ല. റീഫണ്ടിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് കാലവിളംബം മാപ്പാക്കി അനുവദിക്കണമെന്ന വ്യവസ്ഥ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഒരു വർഷത്തിനുള്ളിൽ തീരുമാനം എടുത്തില്ലെങ്കിൽ അടുത്ത വർഷത്തേയ്ക്ക് ക്യാരി ഓവർ ചെയ്യുന്നതിന് ഓപ്ഷൻ അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(2) സംസ്ഥാനത്തെ ഭരണ സംവിധാനം

ശ്രീ. സാജു പോൾ : കാര്യക്ഷമമവും അഴിമതിരഹിതവുമായ സിവിൽ സർവ്വീസ് നടപ്പാക്കുന്നത് സംബന്ധിച്ച് പല കമ്മിറ്റികളും പഠനം നടത്തിയിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ പുനർവിന്യാസം അടിയന്തിരമായി യാഥാർത്ഥ്യമാക്കണം. തസ്തികകളുടെ കാര്യത്തിൽ പുനരവലോകനം നടത്തണം. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ അഭാവം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം. എല്ലാ വകുപ്പുകളിലേയും ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റത്തിന് മാനദണ്ഡം നിശ്ചയിക്കണം. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ മാത്രമേ ഈ മാനദണ്ഡം ഇന്ന് പാലിക്കപ്പെടുന്നുള്ളൂ. വാളയാർ ചെക്ക്പോസ്റ്റിൽ നിയമിക്കുന്ന നോഡൽ ഓഫീസർ സ്റ്റേറ്റ് സിവിൽ സർവ്വീസ് ഉദ്യോഗസ്ഥനായിരിക്കണം. എല്ലാ സർക്കാർ ഓഫീസുകളിലും ജനകീയ കമ്മിറ്റികളുടെ മേൽനോട്ടം ഉണ്ടാകണം. സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും യൂണിഫോം ഏർപ്പെടുത്തണം. ഓഫീസുകളുടെ പ്രവർത്തന സമയം സംബന്ധിച്ച് പുനരവലോകനം നടത്തണം. സർവ്വീസ് ചട്ടങ്ങൾ കാലാനുസൃതമായി പരിഷ്ക്കരിക്കണം. നിയമനങ്ങൾ മാനദണ്ഡം അനുസരിച്ചാണെന്ന് ഉറപ്പുവരുത്തണം. ഭരണപരിഷ്ക്കാര നടപടികൾ പഠിക്കാൻ കമ്മിറ്റികൾ ഉണ്ടാക്കണം. സമാന വകുപ്പുകൾ ഏകോപിപ്പിക്കണം. സംസ്ഥാനത്തെ ബിരുദ, പ്രൊഫഷണൽ കോഴ്സുകൾ പാസ്സായവർക്ക് വിവിധ സർക്കാർ സ്ഥാപനങ്ങളിൽ ഒരു വർഷത്തെ നിർബന്ധിത അപ്രന്റീസ്ഷിപ് ഏർപ്പെടുത്തണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ഭരണ സംവിധാനം കാര്യക്ഷമമാക്കുന്ന കാര്യം സർക്കാർ ഗൗരവമായി പരിശോധിക്കുന്നതാണ്.

ഇതുമായി ബന്ധപ്പെട്ട് നിരവധി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ പുനർവിന്യാസം, സ്റ്റേറ്റ് സിവിൽ സർവ്വീസ് രൂപീകരണം, സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രൂപീകരണം, സിവിൽ സർവ്വീസ് കാര്യക്ഷമമാക്കൽ തുടങ്ങി നിരവധി കാര്യങ്ങൾ സംബന്ധിച്ച് ഭരണ പരിഷ്ക്കാര കമ്മീഷനുകൾ നിർദ്ദേശങ്ങൾ സമർപ്പിച്ചുവെങ്കിലും പ്രായോഗികമായിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ വിഷയങ്ങൾ സംബന്ധിച്ച് ചർച്ചകൾ നടത്തിയിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ പുനർവിന്യാസം നടപ്പാക്കുന്നതിന് 1-8-2007-ൽ ചേർന്ന മന്ത്രിസഭാ യോഗം തീരുമാനിച്ചു. വിവിധ വകുപ്പുകളിൽ നിലവിലുള്ള തസ്തികകൾ പുനർവിന്യസിപ്പിക്കുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിയമിച്ച മന്ത്രിസഭാ ഉപസമിതിയുടെ റിപ്പോർട്ട് അനുസരിച്ച് നടപടികൾ സ്വീകരിച്ചുവരുകയാണ്. നിലവിലുള്ള ഭരണ സംവിധാനം മെച്ചപ്പെടുത്താൻ സ്റ്റേറ്റ് സിവിൽ സർവ്വീസ് രൂപീകരണം സഹായകമാകുമെന്ന് മൂന്നാം ഭരണ പരിഷ്ക്കാര കമ്മിറ്റിയുടെ റിപ്പോർട്ട് ശുപാർശ ചെയ്തിരുന്നു. ഇ.കെ.നായനാർ ഭരണപരിഷ്ക്കാര കമ്മിറ്റിയുടെ ശുപാർശകൾ സർക്കാർ അംഗീകരിച്ചിരുന്നില്ല. ഈ കാര്യങ്ങളിൽ കൂടുതൽ ചർച്ചയും പഠനവും ആവശ്യമാണ്. സംസ്ഥാന സർക്കാർ ജീവനക്കാരുടെ സർവ്വീസ് പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രൂപീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് മറ്റ് സംസ്ഥാനങ്ങളിലെ വിവരങ്ങൾ ശേഖരിച്ച് ജീവനക്കാരുടെ സംഘടനകളുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കും. ജീവനക്കാരുടെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിച്ച് വ്യക്തമായ

മാനദണ്ഡങ്ങൾ അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജീവനക്കാരുടെ ന്യായമായ അവകാശം സംരക്ഷിക്കുന്നതിനും അഴിമതിയും അനാരോഗ്യ പ്രവണതയും തടയുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ചില വകുപ്പുകളിൽ സർക്കാർ ഓഫീസുകളുമായി ബനധപ്പെട്ട് ജനകീയ കമ്മിറ്റികൾ രൂപീകരിച്ച് ജനപങ്കാളിത്തത്തോടുകൂടി ഭരണ നടപടികൾ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത് കൂടുതൽ മേഖലകളിൽ വ്യാപിപ്പിച്ചിട്ടുണ്ട്. സർക്കാർ ജീവനക്കാരുടെ അവകാശങ്ങൾ പരമാവധി സംരക്ഷിച്ചുകൊണ്ടും അവരുടെ കടമകളും ചുമതലകളും നിർവ്വഹിക്കുന്നതിന് അവരെ സജ്ജരാക്കിക്കൊണ്ടും സിവിൽ സർവ്വീസ് മെച്ചപ്പെടുത്തുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ആധുനിക ശാസ്ത്ര-സാങ്കേതിക വിദ്യയുടെ സഹായത്തോടെ ജനങ്ങളുടെ ആവലാതികളും ആവശ്യങ്ങളും പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. പ്രൊഫഷണൽ-ബിരുദ വിദ്യാർത്ഥികൾക്ക് അപ്രന്റിസ്ഷിപ് നൽകുന്നത് സംബന്ധിച്ചും മറ്റുമുളള കാര്യങ്ങളും പരിശോധിച്ച് നടപടി സ്വീകരിക്കും. ഇന്നത്തെ സ്ഥിതിക്ക് കാര്യമായ മാറ്റം വരുത്തുന്നതിന് എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്.

**സബ്മിഷൻ.**

(1) <u>നിക്ഷേപകർ കബളിപ്പിക്കപ്പെട്ട സംഭവം.</u>

<u>ശ്രീ. കെ.എം. മാണി</u>: ലക്ഷക്കണക്കിന് രൂപ വായ്പയായും ഡെപ്പോസിറ്റായും സമാഹരിച്ചതിനുശേഷം പാലായിലെ 500-ൽപ്പരം ആളുകളെ കബളിപ്പിച്ച് ഒളിവിൽ പോയിരിക്കുന്ന എൽ.ഐ.സി. ഏജന്റിന്റെ പേരിൽ പാലാ പോലീസ് സ്റ്റേഷനിലും ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമ

ന്ത്രിക്കും പരാതി കൊടുത്തിട്ടുണ്ട്. ഈ കേസ്സിൽ എത്രയും വേഗം നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): അംഗീകൃത എൽ.ഐ.സി. ഏജന്റായ മോഹൻദാസ് പാലായിലും പരിസരത്തുമുള്ള നിരവധി ആളുകളിൽ നിന്ന് വായ്പയായും ഡെപ്പോസിറ്റായും സമാഹരിച്ച ലക്ഷക്കണക്കിന് രൂപ നിർദ്ദിഷ്ട കാര്യത്തിന് വിനിയോഗിക്കാതെ പലരേയും കബളിപ്പിച്ചതായി കണ്ടെത്തിയതിനെത്തുടർന്ന് പാലാ പോലീസ് സ്റ്റേഷനിൽ 3 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസ്സിലെ പ്രതിയെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. പാലാ പോലീസ് സബ് ഇൻസ്പെക്ടർ ഇതു സംബബന്ധിച്ച് വിശദമായ അന്വേഷണം നടത്തുന്നുണ്ട്. കബളിപ്പിക്കപ്പെട്ടതായി മറ്റു പരാതികൾ ലഭിക്കുകയാണെങ്കിൽ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്.

(2) ആറ്റിങ്ങൽ മണ്ഡലത്തിലെ കുടിവെള്ളപ്രശ്നം.

ശ്രീ. ആനത്തലവട്ടം ആനന്ദൻ: യഥാസമയം ബണ്ട് കെട്ടി ഉപ്പുവെള്ളം കയറുന്നത് തടയുന്നതിൽ കേരള വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ വരുത്തിയ വീഴ്ചമൂലം ആറ്റിങ്ങൽ മണ്ഡലത്തിൽ ഇന്ന് കുടിവെള്ളക്ഷാമം രൂക്ഷമാണ്. 2003-ൽ ഒരു തടയണ നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി വർക്ക് ടെണ്ടർ ചെയ്ത് എ.എസ്. കൊടുത്തുവെങ്കിലും ഇതുവരെ വർക്ക് ആരംഭിച്ചിട്ടില്ല. അടിയന്തിരമായി തടയണ നിർമ്മിക്കുകയും ബണ്ട് കെട്ടുന്നതിൽ പരിചയമില്ലാത്ത കരാറുകാരനെ നിയമിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യണം.

ശ്രീ. വർക്കല കഹാർ: വർക്കല നിയോജകമണ്ഡലത്തിലെ വാമനപുരം നദിയിൽ കേരള വാട്ടർ അതോറിറ്റി നിർമ്മിച്ച ബണ്ട് പൊട്ടി ആ ഭാഗത്ത് ഉപ്പു വെള്ളം കയറുന്നത് തടയുന്നതിനും ആ ഭാഗത്തുള്ള ആളുകൾക്ക് അടിയന്തിരമായി കുടിവെള്ളം നൽകാനുമുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): വാമനപുരം നദിയിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിന് മുൻകാലങ്ങളിലെപ്പോലെ താൽക്കാലിക ബണ്ട് നിർമ്മിക്കപ്പെട്ടെങ്കിലും അത് ഭാഗീകമായി തകർന്നതിന്റെ പശ്ചാത്തലത്തിൽ ഉപ്പുവെള്ളം കയറി മലിനപ്പെടുകയാണ്. ആറ്റിങ്ങൽ, വർക്കല പ്രദേശങ്ങളിൽ അനിയന്ത്രിതമായിട്ടുള്ള മണലൂറ്റ് കാരണം വലിയ ആഴം ഉണ്ടാകുകയും ബണ്ട് നിൽക്കാതിരിക്കുകയും ചെയ്യുന്നു എന്നാണ് ഇതു സംബന്ധിച്ച് കിട്ടിയ റിപ്പോർട്ട്. ബണ്ട് നിർമ്മാണത്തിൽ ഏതെങ്കിലും തരത്തിലുള്ള അഴിമതിയോ വീഴ്ചയോ ഉണ്ടെന്ന് കണ്ടെത്തിയാൽ അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ശാശ്വത പരിഹാരമെന്ന നിലയിൽ പെർമനന്റ് ബണ്ട് നിർമ്മിക്കുന്നതിന് 2003 -ൽ ഭരണാനുമതി ലഭിച്ചുവെങ്കിലും ക്വാളിഫൈഡ് കരാറുകാർ ഇല്ലാത്തതിനാൽ വിളിച്ച പുനർ ദർഘാസ് സർക്കാരിന്റെ പരിഗണനയിലാണ്. പെർമനന്റ് ബണ്ട് എത്രയും വേഗം നിർമ്മിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം കുടിവെള്ള പ്രശ്നം നേരിടുന്ന രണ്ടു മണ്ഡലങ്ങളിലും ടാങ്കർ ലോറികളിൽ വെള്ളം കൊടുക്കാനാവശ്യമായ സംവിധാനം കഴിഞ്ഞ ദിവസം മുതൽ ഏർപ്പെടുത്തിയിട്ടുണ്ട്.

(3). ഡയറ്റ് ലക്ച്ചറർ നിയമനങ്ങളിലെ സംവരണം.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: നിരവധി ഒഴിവുകളുള്ള ഡയറ്റ് അദ്ധ്യാപക നിയമനത്തിൽ ഇന്റർർവ്യൂ ആരംഭിച്ചിരിക്കുകയാണ്. എസ്.സി/എസ്.ടി. വിഭാഗത്തിനും പിന്നോക്ക വിഭാഗത്തിനും ഭരണഘടന നൽകിയ സംവരണം സ്പെഷ്യൽ റൂൾസ് നിലവിൽ വന്നില്ല എന്ന കാരണത്താൽ നഷ്ടപ്പെടുന്ന സാഹചര്യത്തിൽ സ്പെഷ്യൽ റൂൾസ് ഉണ്ടാക്കാൻ നടപടി സ്വീകരിക്കുകയോ ഇപ്പോൾ നടക്കുന്ന നിയമനങ്ങളിൽ സംവരണതത്വം പാലിക്കുകയോ ചെയ്യാൻ തയ്യാറാകണം

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ഡയറ്റിൽ ( ഡിസ്ട്രിക്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ ട്രെയിനിംഗ്) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് ആളുകളെ നിയമിക്കുന്നത്. സംവരണതത്വം പാലിച്ചുകൊണ്ട് ഇപ്പോൾ പബ്ളിക് സർവ്വീസ് കമ്മിഷൻ നിയമിച്ചിട്ടുള്ളവരിൽ നിന്നാണ് ഡയറ്റിലേയ്ക്ക് ആളുകളെ നിയമിക്കുന്നത്. സ്പെഷ്യൽ റൂൾസ് തയ്യാറാക്കുമ്പോൾ സംവരണതത്വം പാലിക്കാനുള്ള വ്യവസ്ഥ അതിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കാം.

(4). പി.എം.ജി.എസ്.വൈ. പദ്ധതിയിലെ ഗ്രാമീണ റോഡുകൾ.

ശ്രീ. തോമസ് ചാഴികാടൻ: ഏറ്റുമാനൂർ നിയോജകമണ്ഡലത്തിൽ പരിപ്പ്, കവണാറ്റിൻകര റോഡ് ഉൾപ്പെടെ 84 ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിന് പി.എം.ജി.എസ്.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി 47 കോടി രൂപ അനുവദിച്ചതിൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കാൻ കഴിയാത്തതിനാൽ 24 റോഡുകളുടെ നിർമ്മാണം ഇതുവരെ പൂർത്തിയായിട്ടില്ല. 2004-ലെ ഷെഡ്യൂൾ നിരക്കിൽ ആയതിനാൽ ജോലി ഏറ്റെടുക്കാൻ കരാറുകാരൻ

തയ്യാറായില്ല. 2007-ലെ ഷെഡ്യൂൾ നിരക്കിൽ പുതുക്കിയ എസ്റ്റിമേറ്റ് വീണ്ടും കേന്ദ്രസർക്കാരിന് സമർപ്പിപ്പോൾ അധികം വരുന്ന തുക മുഴുവൻ സംസ്ഥാന സർക്കാർ വഹിക്കണമെന്നാണ് അറിയിച്ചിരുന്നത്. കേന്ദ്രസർക്കാരിന്റെ അറിയിപ്പ് വന്നശേഷം തദ്ദേശസ്വയംഭരണ വകുപ്പ് അധിക തുക വിനിയോഗിക്കണമെന്ന് ഉത്തരവിറക്കിയിരിക്കുകയാണ്. ഈ വർഷത്തെ പദ്ധതി മുഴുവൻ പൂർത്തിയാക്കിയ പഞ്ചായത്തുകൾക്ക് ഇതൊരു ബാധ്യതയാകുമെന്നതിനാൽ കേന്ദ്രസർക്കാരിൽ നിന്ന് കിട്ടുന്ന സഹായം എന്ന നിലയിൽ അധിക തുക ഈ വർഷത്തെ ബഡ്ജറ്റിൽ മാറ്റിവച്ച് ഗ്രാമീണ റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): 2005-06 വർഷത്തിൽ 11 ജില്ലകളിലായി 84 റോഡുകൾ നിർമ്മിക്കുന്നതിനായി കേന്ദ്ര ഗവണ്മെന്റിന്റെ അനുമതി ലഭിച്ചതിൽ 60 പണികൾക്ക് കരാർ ഉറപ്പിച്ചുവെങ്കിലും ആലപ്പുഴ ജില്ലയിൽ ഭരണിക്കാവ് ബ്ലോക്കിൽ നാല് റോഡുകൾക്കും പത്തനംതിട്ട ജില്ലയിലെ പന്തളം ബ്ളോക്കിൽ ഒരു റോഡിനും ആവശ്യമായസ്ഥലം ലഭ്യമല്ലാത്തതിനാൽ പണി ആരംഭിച്ചിട്ടില്ല. 2004-ലെ പൊതുമരാമത്ത് ഷെഡ്യൂൾ റേറ്റ് പ്രകാരമാണ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത്. അതനുസരിച്ച് 20.25 കോടി രൂപ അടങ്കൽ തുക നൽകി. എസ്റ്റിമേറ്റ് നിരക്കിലോ അതിൽ താഴെയുള്ള നിരക്കിലോ ആണ് ടെണ്ടർ ഉറപ്പിക്കുന്നത്. 3 തവണ ടെണ്ടർ ഉറപ്പിച്ചുവെങ്കിലും നിബന്ധനകൾ പാലിച്ചുകൊണ്ട് കരാർ ഉറപ്പിക്കാൻ കഴിഞ്ഞിട്ടില്ല. 2007-ലെ പുതുക്കിയ അടങ്കൽ തുക 26.17 കോടി രൂപയാണ്.

വർദ്ധനവ് വന്ന തുക സംസ്ഥാന സർക്കാർ വഹിക്കേണ്ടതാണെന്നാണ് കേന്ദ്ര സർക്കാർ അറിയിച്ചിരിക്കുന്നത്. വർദ്ധനവ് വന്ന തുക ബന്ധപ്പെട്ട പഞ്ചായത്തുകളും സർക്കാരും സംയുക്തമായി വഹിച്ച് പദ്ധതി മുന്നോട്ടുകൊണ്ടുപോകണം.

(5) എസ്.എസ്.എൽ.സി. പരീക്ഷകൾ ശനിയാഴ്ച നടത്തുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ.

ശ്രീ. എം. മുരളി: വിദ്യാഭ്യാസരംഗത്ത് ഏറ്റവും കൂടുതൽ സേവനമനുഷ്ഠിക്കുന്ന സെവൻത് അഡ്വെന്റിസ്റ്റ് ചർച്ചിന്റെ പുണ്യദിനം ശനിയാഴ്ച ആയതിനാൽ അന്ന് നടക്കുന്ന എസ്.എസ്.എൽ..സി., ഹയർ സെക്കണ്ടറി പരീക്ഷകൾ മാറ്റിവയ്ക്കാനുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): സെവൻത് അഡ്വെന്റിസ്റ്റ് സഭയുടെ പ്രതിനിധികൾ ഇതുസംബന്ധിച്ച് നിവേദനം തന്നിട്ടുണ്ട്. അവരുടെ അഭിപ്രായങ്ങൾ കണക്കിലെടുത്ത് പരീക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനെക്കുറിച്ച് പരിശോധിക്കാം. അവരുടെ നിവേദനം അനുഭാവപൂർവ്വം സർക്കാർ പരിഗണിക്കുന്നതാണ്.

(6) ആറളം ഫാമിലെ കാട്ടുതീ.

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ: കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ ആറളം ഫാം, മൂർഖൻ പറമ്പ്, മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ ഒരു പ്രദേശം എന്നിവിടങ്ങളിൽ കാട്ടുതീ പടർന്നതിന്റെ ഫലമായി ആറളം ഫാമിൽ ആദിവാസി പുനരധിവാസ കേന്ദ്രത്തിൽ തീപിടുത്തമുണ്ടാകുകയും 55 പേരുടെ ആസ്തികൾ പൂർണ്ണമായി കത്തി നശിക്കുകയും ചെയ്തു.

താൽക്കാലികമായി നിർമ്മിച്ച കുടിലുകളും പൂർണ്ണമായി കത്തി നശിച്ചു. അടിയന്തിരമായി അവർക്ക് നഷ്ടപരിഹാരം അനുവദിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): 400 ഏക്കറോളം സ്ഥലത്ത് തീ പടർന്നതിനെത്തുടർന്ന് ആറളം ഫാമിലെ മൊത്തം കാർഷിക വിളകൾക്കും നാശനഷ്ടമുണ്ടായിട്ടുണ്ട്. പന്ത്രണ്ടോളം കുടിലുകളും മറ്റു ചില വീടുകളും നശിച്ചിട്ടുണ്ട്. മൊത്തം 70 ലക്ഷം രൂപയുടെ നാശനഷ്ടമുണ്ടായി എന്നാണ് പ്രാഥമിക കണക്ക്. വിശദമായ റിപ്പോർട്ട് നൽകാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആറളം ഫാമിലെ ആദിവാസികൾക്ക് പ്രത്യേക പരിഗണന നൽകുന്നതാണ്. അടിയന്തിരമായി ഇപ്പോൾ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(7) ശംഖുമുഖം ബീച്ച് റോഡിന്റെ പുനർനിർമ്മാണം

ശ്രീ. വി. സുരേന്ദ്രൻപിള്ള: തിരുവനന്തപുരം അന്തർദ്ദേശീയ വിമാനത്താവളത്തോട് ചേർന്നുള്ള ശംഖുമുഖം ബീച്ചിന്റെ സംരക്ഷണത്തിനും വിമാനത്താവളത്തിലേയ്ക്ക് പോകുന്ന റോഡിന്റെ പുനർനിർമ്മാണത്തിനും അടിയന്തിര നടപടിയുണ്ടാകണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): പൊതുമരാമത്ത് വകുപ്പും ധനകാര്യ വകുപ്പും റവന്യൂ വകുപ്പുമായി കൂടിയാലോചിച്ച് കലാമിറ്റി റിലീഫ് ഫണ്ടിൽ നിന്നും നിബന്ധനകൾക്ക് വിധേയമായി പണം അനുവദിച്ച് എത്രയുംവേഗം ശംഖുമുഖം ബീച്ച് റോഡിന്റെ പുനരുദ്ധാരണത്തിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(8) <u>കൺസ്ട്രക്ഷൻ വർക്കേഴ്സ് ഫെഡറേഷന്റെ സമരം</u>

<u>ശ്രീ. എം. പ്രകാശൻ മാസ്റ്റർ</u>: നിർമ്മാണ മേഖലയിലെ അസംസ്കൃത പദാർത്ഥങ്ങളുടെ വിലക്കയറ്റം, കരിങ്കൽ ക്വാറികളുടെ പ്രവർത്തനത്തിൽ വന്ന ബുദ്ധിമുട്ടുകൾ എന്നിവമൂലം ഈ മേഖല സ്തംഭനാവസ്ഥയിലാണ്. മണൽ മാഫിയയുടെ പ്രവർത്തനം, അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് കൊടുക്കാതിരിക്കുകയും ചുരുങ്ങിയ കൂലിക്ക് പണിയെടുപ്പിക്കുകയും ചെയ്യുക, ക്ഷേമനിധിയിലേയ്ക്ക് സെസ്സ് പിരിച്ചെടുക്കുന്ന ചുമതല ക്ഷേമനിധി ബോർഡിനെ ഏൽപ്പിക്കുക തുടങ്ങിയ ഗുരുതരമായ പ്രശ്നങ്ങളുന്നയിച്ച് കൺസ്ട്രക്ഷൻ വർക്കേഴ്സ് ഫെഡറേഷന്റെ നേതൃത്വത്തിൽ ഇന്ന് ജില്ലാകളക്ടറേറ്റിനുമുന്നിലും സെക്രട്ടേറിയറ്റിനുമുന്നിലും മാർച്ചും ധർണ്ണയും നടത്തുകയാണ്. 15 ലക്ഷത്തോളം വരുന്ന നിർമ്മാണ തൊഴിലാളികൾ നേരിടുന്ന ഈ പ്രശ്നത്തിൽ ഗവൺമെന്റ് അടിയന്തിരമായി ഇടപെട്ട് പരിഹാരമുണ്ടാക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ. ഗുരുദാസൻ):</u> നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റത്തിന് പരിഹാരമുണ്ടാക്കാൻ കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുകയും കരിങ്കൽക്വാറികളുടെ സ്തംഭനാവസ്ഥ പരിഹരിക്കുന്നതിനും മണൽമാഫിയകളെ നിയന്ത്രിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് അനുകൂല തീരുമാനമെടുക്കാൻ ശ്രമിക്കുകയും ചെയ്യുന്നതാണ്. അന്യസംസ്ഥാന തൊഴിലാളികൾക്ക് സേവന-വേതന വ്യവസ്ഥകളും മറ്റു സൗകര്യങ്ങളും

ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ജില്ലാ ലേബർ ഓഫീസർ മുഖേന എല്ലാ തൊഴിലുടമകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ ലേബർ ഓഫീസർ മുഖേന ശേഖരിച്ചുകൊണ്ടിരിക്കുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ പൂർണ്ണ വിവരം കിട്ടുന്ന മുറയ്ക്ക് അവർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് കെട്ടിട ഉടമകൾ നൽകേണ്ട സെസ്സ് പിരിവ് ഊർജ്ജിതപ്പെടുത്താൻ നടപടികൾ സ്വീകരിച്ചുവരികയാണ്. സെസ്സ് പിരിക്കുന്ന ഉദ്യോഗസ്ഥന്റെ കാര്യത്തിൽ കേന്ദ്ര നിയമം അനുസരിച്ചുമാത്രമേ ഭേദഗതി വരുത്താൻ കഴിയുകയുള്ളൂ.

### (9) <u>അർജുൻ-ന്റെ തുടർപഠനം</u>

<u>ശ്രീ. കെ.കെ. ഷാജു</u>: തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ പട്ടികജാതി വിദ്യാർത്ഥിയായ വി.ടി. അർജുൻ-നെ കോളേജ് ഹോസ്റ്റലിൽ വച്ച് മൂന്ന് സീനിയർ വിദ്യാർത്ഥികൾ ചേർന്ന് നിഷ്ഠൂരമായി മർദ്ദിക്കുകയും കൊലപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു. എന്നാൽ അർജുൻ ആണ് കുറ്റവാളി എന്നുപറഞ്ഞ് ആ കുട്ടിയെ കോളേജിൽ നിന്നും സസ്പെൻഡ് ചെയ്തിരിക്കുകയാണ്. ഗവൺമെന്റ് അടിയന്തിരമായി ഇടപെട്ട് അർജുൻ-ന്റെ സസ്പെൻഷൻ പിൻവലിക്കാനുള്ള നടപടി സ്വീകരിക്കുകയും ആ കുട്ടിക്ക് തുടർന്ന് പഠിക്കാനുള്ള അവസരമുണ്ടാക്കുകയും ചെയ്യണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എ. ബേബി)</u>: തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ വി.ടി. അർജുൻ എന്ന വിദ്യാർത്ഥിയെ 3 സീനിയർ വിദ്യാർത്ഥികൾ ജാതിപ്പേരുപറഞ്ഞ് ആക്ഷേപിക്കുകയും റാഗ് ചെയ്യുകയും ചെയ്തതായുള്ള

പരാതിയെക്കുറിച്ച് അന്വേഷിക്കാൻ നിയോഗിച്ച അധ്യാപകരുടെ സമിതി പരാതിയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ തെളിവില്ലെന്ന് കണ്ടെത്തി. അതേസമയം ഒന്നാംവർഷ സെമസ്റ്റർ വിദ്യാർത്ഥികളിൽ ചിലരെ റാഗുചെയ്തുവെന്നാരോപിച്ച് അർജുൻ-ന് എതിരെ ഉയർന്ന പരാതി അന്വേഷിച്ച അധ്യാപകരുടെ സമിതി, അർജുൻ കുറ്റക്കാരനാണെന്നു കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ കോളേജ് കൗൺസിലിന്റെ നിർദ്ദേശപ്രകാരം രണ്ടാഴ്ചത്തേയ്ക്ക് കോളേജിൽ നിന്നും സസ്പെൻഡ് ചെയ്യുകയുമുണ്ടായി. അർജുൻ-ന്റെ തുടർന്നുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനാവശ്യമായ നിർദ്ദേശം കോളേജ് അധികൃതർക്ക് ഗവൺമെന്റ് നൽകുന്നതാണ്.

(10) <u>സർക്കാർ ഏറ്റെടുത്ത ഭൂമിയുടെ വിനിയോഗം</u>

<u>ശ്രീ. ബി.ഡി. ദേവസ്സി:</u> നെടുമ്പാശ്ശേരി എയർപോർട്ടിനടുത്തായി സർക്കാർ ഏറ്റെടുത്ത മദുരാകോട്ട്സ് എന്ന കമ്പനി പ്രവർത്തിച്ചിരുന്ന സ്ഥലം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന സംരംഭങ്ങൾക്കുവേണ്ടി വിനിയോഗിക്കണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ):</u> ഗവൺമെന്റും മദുരാകോട്ട്സ് കമ്പനി മാനേജുമെന്റും തൊഴിലാളി പ്രതിനിധികളും ചേർന്ന് നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഏറ്റെടുത്ത സ്ഥലം വ്യാവസായിക-തൊഴിൽ സംരംഭങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്തണമെന്നാണ് നിശ്ചയിച്ചിട്ടുള്ളത്. ചുരുങ്ങിയത് 10,000 പേർക്ക് തൊഴിൽ നൽകുന്ന വിധത്തിൽ സർക്കാർ ഉടമസ്ഥതയിൽ ഒരു ഐ.ടി. സ്ഥാപനം

ആരംഭിക്കണമെന്നുള്ള പ്രൊപ്പോസൽ ഇപ്പോൾ ഗവൺമെന്റ് പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

(11) വാട്ടർ ടാങ്കിൽ നിന്ന് സ്പിരിറ്റ് കണ്ടെടുത്ത സംഭവം

ശ്രീ. വി.ഡി. സതീശൻ: എറണാകുളം ജില്ലയിലെ പറവൂർ ഗോതുരത്തി സെന്റ് സെബാസ്റ്റ്യൻ ഹയർ സെക്കണ്ടറി സ്കൂളിലെ രണ്ട് വാട്ടർ ടാങ്കുകളിൽ നിന്നും 2008 മാർച്ച് 4-ന് ഏകദേശം 90 ലിറ്റർ സ്പിരിറ്റ് കണ്ടെടുത്തുവെങ്കിലും അതുമായി ബന്ധപ്പെട്ട് ഇതുവരെ യാതൊരു അന്വേഷണവും എക്സൈസ് ഡിപ്പാർട്ടുമെന്റ് നടത്തിയിട്ടില്ല. ദൗർഭാഗ്യകരമായ ഈ സംഭവം അന്വേഷിച്ച് കുറ്റവാളികൾക്കെതിരെ നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): എറണാകുളം ജില്ലയിലെ പറവൂർ ഗോതുരത്തി സെന്റ് സെബാസ്റ്റ്യൻ ഹയർ സെക്കണ്ടറി സ്കൂളിലെ രണ്ട് വാട്ടർ ടാങ്കുകളിൽ നിന്നായി 93 ലിറ്റർ സ്പിരിറ്റ് എക്സൈസ് ഡിപ്പാർട്ടുമെന്റ് കണ്ടെടുത്തതിനെത്തുടർന്ന് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. എത്രയുംപെട്ടെന്ന് കുറ്റക്കാരെ കണ്ടുപിടിക്കുകയും അവർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്.

(12) ഓരിക്കടവ് മാവിലാക്കടപ്പുറം പാലത്തിന്റെ അപ്രോച്ച് റോഡ്

ശ്രീ. കെ. കുഞ്ഞിരാമൻ: തൃക്കരിപ്പൂർ മണ്ഡലത്തിലെ ഓരിക്കടവ് മാവിലാക്കടപ്പുറം പാലത്തിന്റെ അപ്രോച്ച് റോഡ് അടിയന്തിരമായി നിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): തൃക്കരിപ്പൂർ മണ്ഡലത്തിലെ ഓരിക്കടവ് മാവിലാക്കടപ്പുറം പാലത്തിന്റെ പണിയിൽ അവശേഷിക്കുന്ന ജോലിയായ ഓരിക്കടവ് ഭാഗത്ത് 120 മീറ്ററും വലിയപറമ്പു ഭാഗത്ത് 88 മീറ്ററും നീളത്തിൽ അപ്രോച്ച് റോഡിന്റെ വർക്കും മറ്റു പ്രൊട്ടക്ഷൻ വർക്കുകളും പൂർത്തിയാക്കുന്നതു സംബന്ധിച്ച് സർക്കാർ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(13) ഓട് വ്യവസായം നേരിടുന്ന പ്രശ്നങ്ങൾ

പ്രൊഫ. സി. രവീന്ദ്രനാഥ്: ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കി തൃശ്ശൂർ ജില്ലയിലെ ഓടുവ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): റവന്യൂ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് തൃശ്ശൂർ ജില്ലയിലെ ഓട് വ്യവസായത്തിനാവശ്യമായ കളിമണ്ണ് ലഭ്യമാക്കി അതിന്റെ പ്രതിസന്ധി പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

(14) ധർമ്മശാല-മട്ടന്നൂർ റോഡ്

ശ്രീ. സി.കെ.പി. പത്മനാഭൻ: കാസർകോഡ്, കണ്ണൂർ ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ധർമ്മശാല-മട്ടന്നൂർ റോഡ് സർക്കാർ ഏറ്റെടുത്ത് സഞ്ചാരയോഗ്യമാക്കിത്തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): കണ്ണൂർ-തലശ്ശേരി നഗരങ്ങളിലെ ഗതാഗതക്കുരുക്ക് ഒരു പരിധിവരെ പരിഹരിക്കാൻ കഴിയുന്ന പ്രസ്തുത നിർദ്ദേശം വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി

പൊതുമരാമത്ത് വകുപ്പ് റോഡ്സ് ആൻഡ് ബ്രിഡ്ജസ് വിഭാഗം ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നതാണ്.

(15) കേരള വ്യാപാരി- വ്യവസായി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം

ശ്രീ. വി. ശശികുമാർ : കേരള വ്യാപാരി വ്യവസായി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനും അറുപത് വയസ്സ് കഴിഞ്ഞ മുഴുവൻ ആളുകൾക്കും പെൻഷൻ ലഭ്യമാക്കാനും മരണാനന്തര ആനുകൂല്യങ്ങൾ ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): 1992-ൽ വ്യാപാരികളുടെ ഉന്നമനത്തിനുവേണ്ടി വ്യാപാരി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തന ഫണ്ട് വ്യാപാരികളിൽ നിന്നും ടേൺ ഓവർ അടിസ്ഥാനത്തിൽ 1000, 500, 200,. 50 രൂപയും സർക്കാരിൽ നിന്നും നിസ്സാര ഗ്രാന്റും ലഭിച്ചിരുന്നു. അതുപ്രകാരം ഒരു വ്യാപാരി മരിച്ചാൽ 50,000 രൂപ 30,000 രൂപ 10,000 രൂപ എന്നിങ്ങനെ മരണാനന്തര ആനുകൂല്യം നൽകിവരുന്നു. എന്നാൽ 1992 മുതൽ ഫണ്ടിന്റെ അപര്യാപ്തതമൂലം നൽകാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ ക്ഷേമനിധി ബോർഡ് പുനസംഘടിപ്പിക്കുകയാണ്. കഴിഞ്ഞ ബഡ്ജറ്റിൽ നാലരക്കോടി രൂപയോളം അനുവദിച്ചു. ഇപ്പോൾ മരണാനന്തര സഹായത്തിന്റെ കുടിശ്ശികകൾ മുഴുവൻ കൊടുത്തുതീർത്തിട്ടുണ്ട്. പുതിയ ക്ഷേമനിധി ബാർഡ് യോഗം ചേർന്ന് ഭാവി പരിപാടികൾ ആസൂത്രണം ചെയ്യും.

(16) ശ്രീകൃഷ്ണപുരം ശുദ്ധജലപദ്ധതി

ശ്രീമതി കെ.എസ്. സലീഖ: ശ്രീകൃഷ്ണപുരം നിയോജക മണ്ഡലത്തിൽ എൽ.ഐ.സി-യുടെ സഹായത്തോടെ പണിയാരംഭിച്ച ശുദ്ധജല വിതരണ പദ്ധതി എൽ.ഐ.സി ധനസഹായം നിർത്തിവച്ചതുമൂലം പൂർത്തിയാകാതെ കിടക്കുന്നു. മറ്റേതെങ്കിലും ധനകാര്യ സ്ഥാപനത്തിന്റെ സഹായത്തോടെ പദ്ധതി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): ശ്രീകൃഷ്ണപുരം ശുദ്ധജല വിതരണ പദ്ധതിയുടെ പണി എൽ.ഐ.സി സഹായം നിർത്തിവച്ചതുമൂലം മുടങ്ങിക്കിടക്കുകയാണ്. നാല് ഘടകങ്ങളുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്. 148.29 ലക്ഷം രൂപ ഇതിനകം ചെലവഴിച്ചു കഴിഞ്ഞു. മറ്റേതെങ്കിലും ഫണ്ടിംഗ് ഏജൻസിയുടെ സഹായത്തോടെ പണി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇത് സംബന്ധിച്ച് നബാർഡിന് ഒരു പ്രോജക്ട് സമർപ്പിച്ചിട്ടുണ്ട്

(17) അലിഗർ സർവ്വകലാശാലയുടെ സെന്റർ.

ശ്രീ. എം. ഉമ്മർ : സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അലിഗാർ മുസ്ലീം യൂണിവേഴ്സിറ്റിയുടെ ഒരു സെന്റർ കേരളത്തിൽ ആരംഭിക്കാൻ അനുവാദം ലഭിച്ചിരിക്കുന്നു. മലപ്പുറം ജില്ലയിൽ വ്യവസായ വകുപ്പിന്റെ കീഴിൽ ഒഴിഞ്ഞു കിടക്കുന്ന 250 ഏക്കർ സ്ഥലത്ത് ആ സെന്റർ സ്ഥാപിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ഉന്നത വിദ്യാഭ്യാസ രംഗത്ത് വൻപിച്ച നിക്ഷേപങ്ങളും

വിപുലീകരണങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. അലിഗാർ മുസ്ലീം യൂണിവേഴിസിറ്റിയുടെ ഒരു ക്യാംപസ് കേരളത്തിൽ സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. വളരെ വികസന സാദ്ധ്യതയുള്ള ഈ സെന്റർ മലപ്പുറം നഗര മദ്ധ്യത്തിലുള്ള 250 ഏക്കർ സ്ഥലത്ത് സ്ഥാപിക്കുകയാണെങ്കിൽ ഭാവിയിൽ വികസനത്തിനുള്ള സാദ്ധ്യതകൾ ഇല്ലാതാകും. കുറഞ്ഞത് 500 ഏക്കർ സ്ഥലമെങ്കിലും ഇതിനാവശ്യമാണ്. ആവശ്യമായ സ്ഥലം കണ്ടെത്തുന്നതിന് റവന്യൂ ഡിപ്പാർട്ടുമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

(18) <u>ചരൽ, പൂഴി മുതലായവ കടത്തി വിടുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള വിലക്ക്</u>

<u>ശ്രീ. പി. തിലോത്തമൻ:</u> കോട്ടയം ജില്ലയിൽ നിന്ന് നിർമ്മാണ സാമഗ്രികൾ കൊണ്ടുവരുന്നത് തടയുന്നതുമൂലം ആലപ്പുഴ ജില്ലയിൽ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിയിരിക്കുകയാണ്. വെട്ടുകല്ല്, ചരൽ, പൂഴി മുതലായവയുടെ വില ക്രമാതീതമായി വർദ്ധിച്ചിരിക്കുകയുമാണ്. നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടക്കുന്ന മാർച്ച് മാസത്തിലെങ്കിലും സാധനങ്ങൾ കൊണ്ടുവരുന്നതിനുള്ള നിയന്ത്രണത്തിൽ അയവുവരുത്തണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ)</u>: കുന്നുകൾ ഇടിച്ച് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതും നീർത്തടങ്ങളും വയലുകളും നികത്തുന്നതും നിയന്ത്രിക്കണമെന്ന് ഗവൺമെന്റ് നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആർ.ഡി.ഒ മാരും തഹസീൽദാർമാരും ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കോട്ടയം, ആലപ്പുഴ ജില്ലക

ളിൽനിന്ന് നിയമവിധേയമായി കൊണ്ടുവരുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല. ത്രിതല പഞ്ചായത്തുകളും മറ്റ് ഏജൻസികളും നടപ്പാക്കുന്ന പ്രവർത്തനങ്ങൾക്ക് ഈ നിയന്ത്രണത്തിൽ ഇളവ് നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നതായി ശ്രദ്ധയിൽപ്പെടുന്നിടത്തെല്ലാം പ്രത്യേക അനുവാദം നൽകുന്നുണ്ട്.

(19) എസ്.എസ്.എൽ.സി പരീക്ഷ എഴുതാൻ അനുവദിക്കണമെന്ന ആവശ്യം

ശ്രീ. ആർ. സെൽവരാജ്: പാറശ്ശാല നിയോജകമണ്ഡലത്തിലെ വ്ളാത്താങ്കര ഔവർ ലേഡി ഓഫ് അസംപ്ഷൻ ഹൈസ്കൂളിൽ പഠിച്ച 28 കുട്ടികൾക്ക് എസ്.എസ്.എൽ.സി പരീക്ഷ എഴുതാനുള്ള അനുമതി നിഷേധിച്ചിരിക്കുന്നു. ഇവർക്ക് പരീക്ഷ എഴുതുവാനുള്ള അവസരം നൽകണം.

ശ്രീ. പി.സി. വിഷ്ണുനാഥ് : ഔവർ ലേഡി ഓഫ് അസംപ്ഷൻ ഹൈസ്കൂളിലെ കുട്ടികൾക്ക് പരീക്ഷ എഴുതുവാൻ കഴിയാത്ത സാഹചര്യമുണ്ടാക്കിയവർക്കെതിരെ നടപടി സ്വീകരിക്കണം

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി(ശ്രീ. എം.എ. ബേബി) : വ്ളാത്താങ്കരയിലെ ഔവർ ലേഡി ഓഫ് അസംപ്ഷൻ എന്ന അംഗീകാരമില്ലാത്ത സ്കൂളിൽ 8, 9, 10 ക്ളാസ്സുകളിൽ നിയമപരമല്ലാതെ കുട്ടികളെ പഠിപ്പിച്ചുവന്നിരുന്നു. 2006-ൽത്തന്നെ ഈ വിവരം ശ്രദ്ധയിൽപ്പെട്ടപ്പോൾ കുട്ടികളെ അടുത്തുള്ള ഗവൺമെന്റ് സ്കൂളുകളിലോ എയിഡഡ് സ്കൂളുകളിലോ പഠിപ്പിക്കാൻ നിർദ്ദേശം നൽകിയിരുന്നു. ഒരു വർഷം കഴിഞ്ഞ് വീണ്ടും ഒരിക്കൽക്കൂടി അതിനുള്ള അവസരം അവർക്ക് കൊടുത്തു. അപ്രായോഗികവും അയഥാർത്ഥ്യവുമായ ഒരാവശ്യമാണ്

ഇപ്പോൾ ഉന്നയിച്ചിരിക്കുന്നത്. കുട്ടികളുടേയും രക്ഷകർത്താക്കളുടേയും പ്രതിനിധികളുമായി സംസാരിച്ച് ഒരു പ്രത്യേക ഉത്തരവിലൂടെ ഈ കുട്ടികൾക്ക് 'സേ' പരീക്ഷ എഴുതാൻ പ്രത്യേക സംവിധാനം ഉണ്ടാക്കുമെന്ന് ഉറപ്പ് കൊടുത്തിട്ടുണ്ട്;. പ്രശ്നം പരിഹരിച്ചിട്ടുണ്ട്. .

(20) കരിങ്കൽ ക്വാറികളുടെ പ്രവർത്തനം

ശ്രീ. വി.എൻ. വാസവൻ: കോട്ടയം ജില്ലയിലെ കരിങ്കൽ ക്വാറികളിലേയും മണൽ മേഖലയിലേയും സ്തംഭനാവസ്ഥമൂലം നിർമ്മാണ പ്രവർത്തനങ്ങൾ നിശ്ചലമായിരിക്കുന്നു. നിയമവിധേയമായി മണ്ണെടുക്കുന്നതും മണൽ കൊണ്ടുപോകുന്നതും തടയുന്നു. മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഇടപെട്ട് ക്വാറി ഉടമകളുമായി ചർച്ചചെയ്ത് പ്ളെയ്സ്മെന്റ് ലൈസൻസും എക്സ്പ്ളോസീവ് ലൈസൻസും മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ സൊസൈറ്റി വഴി കൊടുത്ത് പ്രശ്നത്തിന് പരിഹാരം കാണണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): കരിങ്കല്ല്, ചെങ്കല്ല് മുതലായ ധാതുക്കൾ അനധികൃതമായി ഖനനം ചെയ്യുന്നവരുടെ മേൽ കർശന നടപടി എടുക്കുന്നുണ്ട്. താലൂക്ക് തലത്തിലോ മേഖലാടിസ്ഥാനത്തിലോ സൊസൈറ്റികൾ രൂപീകരിച്ച് നിയമവിധേയമായി പ്രവർത്തിപ്പിക്കാനാണ് തീരുമാനം. ഖനനവസ്തുക്കളുടെ ട്രാൻസ്പോർട്ടേഷൻ തടസ്സപ്പെടുത്തുന്ന ഒരു നടപടിയും ഉണ്ടാകുന്നതല്ല. കോട്ടയം ജില്ലയിലെ നിർമ്മാണ പ്രവർത്തന മേഖലയിലുണ്ടായിട്ടുള്ള സ്തംഭനാവസ്ഥ ഒഴിവാക്കുന്നതാണ്.

## ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

മി. സ്പീക്കർ : കാര്യവിവരപ്പട്ടികയിലെ മൂന്നാം ഇനമായ ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന മാറ്റിവയ്ക്കണമെന്ന ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രിയുടെ ആവശ്യം സഭ അംഗീകരിച്ചിരിക്കുന്നു.

## റിപ്പോർട്ട് സമർപ്പണം

(1) കാര്യോപദേശക സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## ധനകാര്യം

### 2008-2009 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതു ചർച്ച (തുടർച്ച)

ശ്രീ. ആനത്തലവട്ടം ആനന്ദൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഭൂരിപക്ഷം വരുന്ന ജനങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്ന ബഡ്ജറ്റാണിത്. മുതലാളിത്ത പ്രത്യയശാസ്ത്രത്തിലാണ് യു.ഡി.എഫ്.

വിശ്വസിക്കുന്നത്. ലോക സാഹചര്യങ്ങളുമായി ബന്ധപ്പെടുന്നതാണ് ദേശീയ സാഹചര്യവും കേരളത്തിന്റെ സാമ്പത്തിക മേഖലയുമെല്ലാം. ആഗോളവൽക്കരണത്തിന്റെ കേന്ദ്രീകരണം അസമത്വം വർദ്ധിപ്പിക്കുന്നു. വരുമാനങ്ങൾ തമ്മിൽ വലിയ അന്തരം വർദ്ധിച്ചുവരുന്ന രാജ്യങ്ങളിലാണ് ലോക ജനസംഖ്യയിൽ 80 ശതമാനത്തിലധികവും ജീവിക്കുന്നത്. ആഗോള സാമ്പത്തിക സാമ്രാജ്യത്വ അക്രമങ്ങൾക്കെതിരായ ചെറുത്തുനിൽപ്പ് ശക്തിപ്പെട്ടിരിക്കുകയാണ്. അമേരിക്കയുടെ നയം നടപ്പിലാക്കിയിരുന്ന ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിൽ ഇടതുപക്ഷങ്ങൾ മുന്നേറുന്നു. ഏഴ് രാജ്യങ്ങൾ ചേർന്ന് ഐ.എം.എഫ്-ന് സമാനമായി ബാങ്ക് സ്ഥാപിച്ചിരിക്കുകയാണ്. ആ രാജ്യങ്ങളൊക്കെ ഐ.എം.എഫ്, വേൾഡ് ബാങ്ക് എന്നിവയുടെ വ്യവസ്ഥകൾ താങ്ങാനാകാതെ വായ്പകൾ തിരിച്ചുകൊടുത്തുകൊണ്ടിരിക്കുന്നു. അമേരിക്ക സാമ്പത്തികമായി തകർന്നുകൊണ്ടിരിക്കുകയാണ്. അമേരിക്കയിലെ സാമ്പത്തിക തകർച്ച നമ്മുടെ സംസ്ഥാനത്തെയും ബാധിച്ചിട്ടുണ്ട്. കേരളത്തിൽനിന്ന് അമേരിക്കയിലേയ്ക്കുള്ള കയറ്റുമതി ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ഗ്ലോബലൈസേഷന്റെ ഭാഗമായി കേന്ദ്ര ഗവൺമെന്റ് നിലവിലുള്ള എട്ട് മണിക്കൂർ ജോലി സമയം 10 മണിക്കൂറാക്കി തൊഴിലാളികളുടെ ജോലിഭാരം വർദ്ധിപ്പിക്കാൻ നിശ്ചയിച്ചിരിക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ തൊഴിലാളികളുടെ എണ്ണത്തിൽ വൻകുറവ് വരുത്തിയിരിക്കുന്നു. ടെക്നോപാർക്കിലെ യു.എസ്. സോഫ്റ്റ്വെയർ കമ്പനിയിൽനിന്ന് തൊഴിലാളികളെ പിരിച്ചുവിട്ടു തുടങ്ങിയിരിക്കുന്നു. ഇത്തരം തെറ്റായ നയങ്ങൾ തിരുത്തുന്നതിനുവേണ്ടിയുള്ള നടപടിയാണ് ഈ ഗവൺമെന്റ്

സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകരെ ആക്രമിക്കുന്ന വർഗ്ഗീയ ശക്തികൾക്ക് കൂട്ടുനിൽക്കുന്ന സമീപനമാണ് ഐക്യജനാധിപത്യ മുന്നണി സ്വീകരിച്ചിരിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ പ്രതിശീർഷ വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിരിക്കുകയാണ്.

ശ്രീ. തോമസ് ഉണ്ണിയാടൻ: ബഡ്ജറ്റിനെ എതിർക്കുന്നു. വരുമാനംകൊണ്ട് കടബാധ്യതയുടെ പലിശ കൊടുത്തുതീർക്കാൻ കഴിയാത്തതിനാൽ കേരളം കടക്കെണിയിൽപ്പെട്ട ഒരു സംസ്ഥാനമാണ്. ജനങ്ങളെ എല്ലാതരത്തിലും ഞെക്കിപ്പിഴിയുന്ന ഒരു സമീപനമാണ് ഈ ബഡ്ജറ്റിലൂടെ സ്വീകരിച്ചിരിക്കുന്നത്. സാമ്പത്തിക വളർച്ചയ്ക്കോ വികസനത്തിനോ ഉതകുന്ന തരത്തിലുള്ള ഒരു ബഡ്ജറ്റല്ല ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനോ വിലക്കയറ്റം തടയുന്നതിനോ യാതൊരു നിർദ്ദേശവും ഈ ബഡ്ജറ്റിലില്ല. വില്പന നികുതിയിൻമേൽ ഏർപ്പെടുത്തിയിട്ടുള്ള ഒരു ശതമാനം സെസ്സ് പിൻവലിച്ചില്ലെങ്കിൽ രൂക്ഷമായ വിലക്കയറ്റം ഉണ്ടാകും. പ്ളാസ്റ്റിക് ഉല്പന്നങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള നികുതി വർദ്ധനവ് പിൻവലിക്കണം. വൈക്കം മുഹമ്മദ് ബഷീറിന്റെ കർമ്മ മണ്ഡലമായ കോഴിക്കോട് സ്മാരകം നിർമ്മിക്കുന്നതുപോലെ അദ്ദേഹത്തിന്റെ ജൻമനാടായ തലയോലപ്പറമ്പിലും ഉചിതമായ സ്മാരകം നിർമ്മിക്കണം. ബഡ്ജറ്റിലെ ജനവിരുദ്ധങ്ങളായ നയങ്ങൾ തിരുത്തണം. സംസ്ഥാനത്തെ നല്ലൊരു സമ്പദ്വ്യവസ്ഥയിലേയ്ക്ക് കൊണ്ടുപോകണം.

ശ്രീ. പി.ജെ. ജോസഫ്: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കാർഷികോല്പാദന രംഗത്ത് മാന്ദ്യം ഉണ്ടായിരിക്കുന്നു. എല്ലാ മേഖലയിലും

കർഷകന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള നടപടികൾ ഉണ്ടാകണം. കർഷക കടാശ്വാസ നിയമം അടിയന്തിരമായി നടപ്പിലാക്കി കർഷകരെ കടക്കെണിയിൽനിന്ന് രക്ഷപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണം. ക്ഷീരോല്പാദന മേഖലയിൽ വൻതോതിൽ മൂലധനം മുടക്കി ഇന്ന് അനുഭവപ്പെടുന്ന രൂക്ഷമായ പാൽക്ഷാമത്തിന് പരിഹാരം ഉണ്ടാക്കണം. പാൽവില കൂട്ടിയും കാലിത്തീറ്റയ്ക്ക് വില കുറച്ചും കർഷകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള നടപടി ഉണ്ടാകണം. അരിക്ക് ഇന്ന് അനുഭവപ്പെടുന്ന ക്ഷാമം പരിഹരിക്കുന്നതിന് നെല്ലുല്പാദനം വർദ്ധിപ്പിക്കണം. കൂടിയ വിലയ്ക്ക് നെല്ല് സംഭരിക്കണം. കാർഷികോല്പന്നങ്ങൾക്ക് വിലസ്ഥിരത ഏർപ്പെടുത്താൻ നടപടി സ്വീകരിക്കണം. ധനകാര്യ വകുപ്പിൽ ഭരണ പരിഷ്കാര നടപടികൾ ഏർപ്പെടുത്തി പദ്ധതി നടത്തിപ്പിൽ ഗുണകരമായ മാറ്റമുണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കരാറുകാർക്ക് പ്രൈസ് റിവിഷൻ നൽകി നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിനും മാസത്തിലൊരിക്കൽ റിവ്യു നടത്തുന്നതിനും ധനകാര്യ വകുപ്പ് മുൻകൈ എടുക്കണം. സംസ്ഥാനത്തെ റോഡുകളിൽ ഉണ്ടാകുന്ന 40 ശതമാനം വർക്കുകളും തീരാതെ കിടക്കുന്ന സ്ഥിതി വിശേഷം നിലനിൽക്കുകയാണ്. അത് മാറ്റുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം. കെ.ഇ.ആർ പരിഷ്ക്കരണം സംബന്ധിച്ച് വിവാദം സൃഷ്ടിക്കുന്നതിനു പകരം വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് അഭിപ്രായ സമന്വയം ഉണ്ടാക്കാൻ ശ്രമിക്കണം. കാർഷിക മേഖലയിലെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ ഉണ്ടാകണം. കേരളത്തിന് പ്രയോജനമാംവിധം

റോഡിന്റേയും റെയിൽവേയുടേയും കാര്യത്തിൽ അടിയന്തിര നടപടികൾ ഉണ്ടാകണം.

<u>ശ്രീ. യു.സി. രാമൻ:</u> ബഡ്ജറ്റിനെ എതിർക്കുന്നു. ഈ സർക്കാർ പാർട്ടി മാർഗ്ഗരേഖ അനുസരിച്ചാണ് ഭരണം നടത്തുന്നത്. കേന്ദ്ര വിരുദ്ധ സമരമായിരുന്നു ഈ സർക്കാരിന്റെ മുഖമുദ്ര. യു.ഡി.എഫ് സർക്കാർ ആവിഷ്ക്കരിച്ച ആരോഗ്യ ഇൻഷുറൻസ് പദ്ധതിക്കായുള്ള കേന്ദ്ര സഹായം ഈ സർക്കാർ 2 വർഷം നഷ്ടപ്പെടുത്തുകയും മറ്റൊരു പദ്ധതിയായി പ്രഖ്യാ പിക്കുകയും ചെയ്തിരിക്കുകയാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ കഴിഞ്ഞ സർക്കാർ കൊണ്ടുവന്ന ആശ്രയ പദ്ധതിയെ അനാഥമാക്കുകയും കുടുംബശ്രീ പദ്ധതിക്ക് തുക വെട്ടിക്കുറയ്ക്കുകയും ചെയ്തു. സാധാരണക്കാർ വാങ്ങുന്ന സാധനങ്ങൾക്ക് ഒരു ശതമാനം സെസ്സ് ഏർപ്പെടുത്തി 100 കോടി രൂപയും കുത്തകകളിൽ നിന്ന് സർച്ചാർജ് ഇനത്തിൽ കേവലം 2 കോടി രൂപയുമാണ് സമാഹരിക്കുന്നത്. കാൽക്കാശിന് വിലയില്ലാത്ത കുറേയധികം സ്വപ്നങ്ങളാണ് സാധാരണക്കാരന് ഈ ബഡ്ജറ്റിലൂടെ നൽകിയിരിക്കുന്നത്. കാർഷിക-മൃഗസംരക്ഷണ മേഖലയ്ക്ക് ഒന്നും വകയിരുത്തിയിട്ടില്ല. വിലക്ക യറ്റം നിയന്ത്രിക്കുന്നതിന് ലക്ഷ്യബോധമുള്ള യാതൊരു പദ്ധതിയും ആവി ഷ്ക്കരിച്ചിട്ടില്ല. തീരദേശവികസനത്തെ സംബന്ധിച്ച് യാതൊന്നും പ്രതിപാദി ച്ചിട്ടില്ല. ബഡ്ജറ്റിന്റെ ആമുഖത്തിൽ ഉൾപ്പെടുത്താത്ത പുതിയ പദ്ധതി കൾക്ക് പണം കിട്ടുകയില്ല എന്ന ഭീഷണിയുമുണ്ട്. തൊഴിലില്ലായ്മ വേതന ത്തെക്കുറിച്ച് ഇതിൽ പ്രതിപാദിക്കുന്നില്ല. വർഷങ്ങൾക്കുമുൻപ് സംസ്ഥാ നത്ത് ലഭിക്കേണ്ടിയിരുന്ന ധനസഹായം എ.ഡി.ബി. വിരുദ്ധ സമരത്തിലൂടെ നഷ്ടപ്പെടുത്തിയവർ ഇന്ന് ആ ലോൺ ഉപയോഗിച്ചുകൊണ്ടുള്ള പ്രവർത്തന

ങ്ങളുടെ ഉൽഘാടനം നടത്തുന്ന കാഴ്ചയാണ് കാണുന്നത്. അന്ധമായ രാഷ്ട്രീയ തിമിരംമൂലം യു.ഡി.എഫ്. സർക്കാർ ആവിഷ്ക്കരിച്ച പദ്ധതികളെ ഈ സർക്കാർ ഇല്ലായ്മ ചെയ്യുകയാണ് ചെയ്തത്. സ്വകാര്യവൽക്കരണത്തി നെതിരെ സമരം ചെയ്തവരുടെ കച്ചവടക്കണ്ണുകൾ സംസ്ഥാന ജനത കാണില്ലെന്ന് ധരിക്കരുത്. സമസ്തമേഖലകളിലും ഈ സർക്കാർ സമ്പൂർണ്ണ പരാജയമാണ്. പ്രധാനമന്ത്രിയുടെ ഗ്രാമീണ സഡക് യോജന പദ്ധതിക്ക് ടെ ണ്ടർ വിളിച്ചാൽ വർക്ക് ചെയ്യാൻ ആളില്ലാത്ത അവസ്ഥയുണ്ട്. സംസ്ഥാ നത്തെ മുഴുവൻ പ്രവൃത്തികൾക്കും കൂടിയ തുകയ്ക്ക് എസ്റ്റിമേറ്റ് നൽകുന്ന തിന് നടപടി ഉണ്ടാകണം.

<u>**ശ്രീ. രാജാജി മാത്യു തോമസ്:**</u> ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ദശ ലക്ഷക്കണക്കിനുവരുന്ന അടിസ്ഥാന ജനവിഭാഗങ്ങൾക്ക് വമ്പിച്ച പ്രതീക്ഷ നൽകുന്ന ഒന്നാണ് ഈ ബഡ്ജറ്റ്. ഫെഡറൽ സംവിധാനത്തേയും അധി കാര വികേന്ദ്രീകരണ തത്വങ്ങളേയും അട്ടിമറിക്കുന്ന സാമ്പത്തിക നയമാണ് ഇന്ത്യാരാജ്യത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. സംസ്ഥാനം അഭിമുഖീകരി ക്കുന്ന പ്രധാനപ്പെട്ട പ്രശ്നം അനിയന്ത്രിതമായ വിലക്കയറ്റമാണ്. ലോക ത്താകെ അടിച്ചേൽപ്പിക്കുന്ന സാമ്രാജ്യത്വ സാമ്പത്തിക നയത്തിന്റെ ദുരന്ത ഫലമാണ് ഈ വിലക്കയറ്റം ഇത് നിയന്ത്രിക്കുന്നതിന് അഭിനന്ദനാർഹമായ മാർക്കറ്റ് ഇടപെടലുകളാണ് ഈ സർക്കാർ 2 വർഷമായി നടത്തിയിട്ടുള്ളത്. വില നിയന്ത്രിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് നടത്തിയ ശ്രമങ്ങളെ കേന്ദ്ര സർക്കാരും റിസർവ്വ് ബാങ്കും പ്രശംസിച്ചിട്ടുണ്ട്. വിലക്കയറ്റം ഫലപ്രദ മായി തടയുന്നതിന് 100 കോടി രൂപ സിവിൽ സപ്ലൈസ് കോർപ്പറേഷന് നീക്കിവയ്ക്കണം. ഈ സർക്കാർ കാർഷിക മേഖലയ്ക്കുവേണ്ടി സ്വീകരിച്ച

നടപടികൾ ശ്ളാഘനീയമാണ്. ഈ മേഖലയിൽ സുപ്രധാന പങ്കുവഹിക്കുന്ന കാർഷിക സർവ്വകലാശാലയ്ക്ക് അർഹമായ ധനവിഹിതം നൽകാതെ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് യു.ഡി.എഫ്. ഗവണ്മെന്റ് തള്ളിവിടുകയായിരുന്നു. ആ നയങ്ങൾ തിരുത്തി ഫലപ്രദമായ നടപടി സ്വീകരിക്കുന്നതിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റ് മുൻകൈ എടുത്തു. സർവ്വകലാശാലയ്ക്ക് 10 കോടി 25 ലക്ഷം രൂപ അധിക ധനസഹായം നല്കുന്നതിനുവേണ്ടി വകയിരുത്തിയിട്ടുണ്ട്. 125 കോടി രൂപയുടെ ബാധ്യതയുള്ള കാർഷിക സർവ്വകലാശാല പിരിഞ്ഞുപോയ ജീവനക്കാരുടെ പെൻഷൻ പോലും കൊടുക്കാൻ കഴിയാത്തവിധത്തിൽ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലാണ്. ഈ സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് കരകയറ്റി യൂണിവേഴ്സിറ്റിയെ നിലനിറുത്തുന്നതിനായി കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തി 125 കോടി രൂപയുടെ ധനസഹായം നേടിയെടുക്കണം. ഗവൺമെന്റ് നയപ്രഖ്യാപനത്തിൽ പറഞ്ഞ ചില പ്രധാനപ്പെട്ട കാര്യങ്ങൾ ബഡ്ജറ്റിൽ സ്ഥാനം പിടിച്ചില്ല. അഗ്രി പോളിടെക്നിക്കിനും ക്ഷീര കർഷകർക്കാവശ്യമായ കാലിത്തീറ്റയ്ക്കുള്ള സബ്സിഡിക്കും തുക വകയിരുത്തണം. തൃശ്ശൂരിലെ മൃഗശാല പുത്തൂരിലേയ്ക്ക് മാറ്റിസ്ഥാപിക്കാൻ തീരുമാനിച്ചത് അഭിനന്ദനാർഹമാണ്. അതിനാവശ്യമായ ഫണ്ട് വകയിരുത്തണം. സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും ഒരു കോടി രൂപയുടെ റോഡ് ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ നൽകുമെന്നു പറഞ്ഞതും സ്വാഗതാർഹമാണ്. ഈ പദ്ധതിയുടെ കോസ്റ്റ് എസ്ക്കലേഷനു വരുന്ന തുക ബഡ്ജറ്റിൽ വകയിരുത്തണം. ട്രാൻസ്പോർട്ട് മേഖലയിൽ

പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സഹകരണ സംഘങ്ങളെ ഗുരുതരമായ സാമ്പത്തിക പ്രതിസനധിയിൽ നിന്ന് കരകയറ്റുന്നതിന് ബഡ്ജറ്റിൽ നിർദ്ദേശങ്ങളുണ്ട്. സംസ്ഥാനത്ത് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലുള്ള 3 ട്രാൻസ്പോർട്ട് സംഘങ്ങളെ സംരക്ഷിക്കുന്നതിന് ഉദാര നിലപാട് സ്വീകരിക്കണം. കേരളത്തിലെ ജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നായ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനായി ലക്ഷം വീട് പദ്ധതി പുനരുദ്ധാരണത്തിന് തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഇക്കാര്യം അനുഭാവപൂർവ്വം പരിഗണിച്ചുകൊണ്ട് കൂടുതൽ തുക അനുവദിക്കണം.

ശ്രീ. ജോസ് തെറ്റയിൽ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ആഗോള കുത്തക മുതലാളിത്തത്തെ പ്രോൽസാഹിപ്പിക്കുന്നവിധത്തിലുള്ള കേന്ദ്ര നയങ്ങളുടേയും പരിപാടികളുടേയും ഫലമായി രൂപപ്പെടുന്ന സാമ്പത്തിക വലയം ഭേദിക്കാൻ സംസ്ഥാനങ്ങൾക്ക് സാധ്യമല്ല. കേന്ദ്ര ബഡ്ജറ്റ് പോപ്പുലിസ്റ്റ് ബഡ്ജറ്റാണെന്നും സംസ്ഥാന ബഡ്ജറ്റ് പോപ്പുലിസ്റ്റ് ബഡ്ജറ്റ് അല്ലെന്നുമുള്ള പ്രതിപക്ഷത്തിന്റെ വിമർശനം രാഷ്ട്രീയ ലക്ഷ്യത്തോടുകൂടി യുള്ളതാണ്. സംസ്ഥാന ഗവൺമെന്റ് പരമ്പരാഗത വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുകയും കർഷകർ ഉൾപ്പെടെയുള്ള ദുർബല വിഭാഗങ്ങൾക്ക് സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തുകയുമാണ് ഈ ബഡ്ജറ്റിലൂടെ ചെയ്തിരിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾക്കു പ്രഖ്യാപിച്ചിരിക്കുന്ന 30 ശതമാനം സ്പിൽ ഓവർ തികച്ചും അപര്യാപ്തമാണ്. കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷനുവേണ്ടി 7 കോടി രൂപ നീക്കിവച്ചതും മലയാറ്റൂരിനേയും കോടനാടിനേയും ബന്ധിപ്പിക്കുന്ന

പാലം നിർമ്മിക്കുന്നതിന് തീരുമാനിച്ചതും നന്ദിപൂർവ്വം സ്മരിക്കുന്നു. വരുമാനത്തിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്ന അങ്കമാലിയിൽ കെ. എസ്. എഫ്. ഇ. യുടെ ഒരു ഈവനിംഗ് ബ്രാഞ്ച് അനുവദിക്കണം.

ശ്രീ. കെ. കുഞ്ഞിരാമൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കാസർഗോഡ് ജില്ലയിൽ വികസനത്തിന്റെ കുതിപ്പാണ് ഈ ബഡ്ജറ്റിലൂടെ നടത്തിയിട്ടുള്ളത്. തുളു അക്കാഡമി, തുറമുഖങ്ങൾ, വൻകിട പാലങ്ങൾ, കേന്ദ്ര യൂണിവേഴ്സിറ്റി, ഇൻലാന്റ് നാവിഗേഷൻ പദ്ധതികൾ, റോഡുകൾ, ഫയർ സ്റ്റേഷനുകൾ, രജിസ്ട്രാർ ഓഫീസുകൾ, ടൂറിസം പദ്ധതികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ, മഞ്ചേശ്വരത്ത് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട്, വിദർഭ പദ്ധതി, തൊഴിലുറപ്പ് പദ്ധതി തുടങ്ങി പദ്ധതികളുടെ പ്രവാഹം നടത്തി വമ്പിച്ച നേട്ടങ്ങൾ പ്രദാനം ചെയ്യുന്ന ഒരു ബഡ്ജറ്റാണിത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റ് അറുപതിനായിരം കോടി രൂപ കൃഷിക്കാരെ സഹായിക്കാൻവേണ്ടി കൊടുക്കാനാണ് കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. ജി. ഡി. പി. 9.7 ശതമാനത്തിൽനിന്നും 8.7 ശതമാനമായി കുറഞ്ഞു. ചില്ലറ വിൽപ്പന വിദേശ കുത്തകകളെ ഏൽപ്പിച്ചാൽ ഒമ്പത് കോടിയോളം വരുന്ന കച്ചവടക്കാർ ആത്മഹത്യ ചെയ്യേണ്ടിവരും. ജോലിസമയം എട്ട് മണിക്കൂർ എന്നത് നീട്ടുന്നതും ചെറുകിട കർഷകരെ ആത്മഹത്യയിലേയ്ക്ക് നയിക്കുന്ന നയങ്ങളും ഇൻഷ്വറൻസ് മേഖലയിൽ വിദേശ നിക്ഷേപത്തിനുള്ള നിർദ്ദേശങ്ങളുമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. അതിൽനിന്നും വ്യത്യസ്തമായി എട്ട് മണിക്കൂർ ജോലിസമയം എല്ലായിടത്തും നടപ്പിലാക്കാനാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്

ശ്രമിക്കുന്നത്. 'സാമൂഹ്യസുരക്ഷയ്ക്ക് നാം ലോകത്തിന് പുതിയൊരു മാതൃകയാകണം' എന്നാണ് ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നത്. കേരളം പല കാര്യങ്ങളിലും മാതൃകയാണ്; മാതൃകാപരമായ കാര്യങ്ങൾ ഇനിയും മുന്നോട്ടു കൊണ്ടുപോകണം. ബഡ്ജറ്റ് പ്രസംഗത്തിന്റെ അവസാനം ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിരിക്കുന്ന പാലത്തിന്റെ കാര്യം വളരെ സുദൃഢമായ ഒരു പ്രഖ്യാപനവും; ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഇച്ഛാശക്തിയുടെ പ്രതിഫലനവുമാണ്. അഞ്ച് കൊല്ലംകൊണ്ട് പ്രാവർത്തികമാക്കുമെന്ന് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ മാനിഫെസ്റ്റോയിൽ പറഞ്ഞിരുന്നതിൽനിന്നും വ്യത്യസ്തമായി 20 മാസംകൊണ്ട് കർഷകത്തൊഴിലാളികളുടെ പെൻഷൻ 200 രൂപയായി വർദ്ധിപ്പിച്ചിരിക്കുകയാണ്. ക്ഷേമ പെൻഷനുകളുടെ കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് 656 കോടി രൂപ കഴിഞ്ഞ രണ്ട് വർഷംകൊണ്ട് ചെലവഴിച്ചിരിക്കുകയാണ്. രാജ്യത്തെ ലക്ഷക്കണക്കിന് കാർഷിക തൊഴിലാളികളോട് വഞ്ചന കാണിച്ചവരെ ജനങ്ങൾ വെറുതെ വിടുകയില്ല. കേരളത്തിന്റെ വികസനത്തിന് പണം ഉണ്ടാക്കാൻ എന്താണ് മാർഗ്ഗം എന്നാണ് ധനകാര്യ വകുപ്പുമന്ത്രി അന്വേഷിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിന്റെ വികസനം ഉദ്ദേശിച്ചുകൊണ്ടുള്ള ബഡ്ജറ്റാണിത്.

ശ്രീ. പി.എം.എ. സലാം: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരളത്തിലെ സാധാരണക്കാർക്കും ദരിദ്രർക്കും ആശ്വാസമെത്തിക്കാനും കേരളത്തിലെ വികസനത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുണ്ടാക്കാനും സാധിക്കുന്ന ബഡ്ജറ്റാണിത്. പെൻഷൻ കുടിശ്ശിക മുഴുവൻ കൊടുത്തു

തീർത്തു. പെൻഷൻതുക 130 രൂപയിൽനിന്ന് 200 രൂപയാക്കി വർദ്ധിപ്പിച്ചു. ദരിദ്രരുടെ തൊഴിൽത്തുറകളെ സംരക്ഷിക്കാനുള്ള പദ്ധതികൾ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. നെൽകൃഷിക്ക് സബ്സിഡി അടക്കം 20 ലക്ഷം രൂപയാണ് വിലയിരുത്തിയത്. മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതിക്ക് 10 കോടി രൂപ അധികമായി വകയിരുത്തി.. വിദ്യാഭ്യാസരംഗത്തെ അനശ്ചിതത്വങ്ങൾ അവസാനിപ്പിക്കാൻ കോളേജ്, ഹയർ സെക്കൻഡറി, വി.എച്ച്.എസ്.സി. മേഖലകളിൽ പുതിയതായി തസ്തികകൾ അനുവദിച്ചു. വരും വർഷം കൂടുതൽ തസ്തികകൾ അനുവദിക്കുമെന്ന പ്രഖ്യാപനം ഈ മേഖലയ്ക്ക് ആശ്വാസം നൽകും. വൈക്കം മുഹമ്മദ് ബഷീറിന് കോഴിക്കോട് സ്മാരക സമുച്ചയം ഉണ്ടാക്കുമെന്ന പ്രഖ്യാപനവും ഉണ്ണായിവാര്യർ സ്മാരകം, സഹോദരൻ അയ്യപ്പൻ സ്മാരകം, പന്മന ആശ്രമം തുടങ്ങിയവയ്ക്ക് ബഡ്ജറ്റിൽ ഫണ്ട് നീക്കിവച്ചതും അഭിനന്ദനാർഹമാണ്. കോഴിക്കോട് നഗരവികസനത്തിന് 20 കോടി രൂപ വകയിരുത്തിയത് ചരിത്ര നേട്ടമാണ്. കോഴിക്കോട് വികസന പദ്ധതിക്കുവേണ്ടി ഒരു പ്രത്യേക എൽ.എ. യൂണിറ്റ് രൂപീകരിക്കണം. കോഴിക്കോട് മെഡിക്കൽ കോളേജിനു വേണ്ടി 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രവാസികൾക്കുവേണ്ടി ഒരു ക്ഷേമനിധി പ്രഖ്യാപിക്കപ്പെട്ടതിലൂടെ അവരുടെ ദീർഘകാല ആവശ്യം സാക്ഷാൽക്കരിക്കപ്പെട്ടു. സച്ചാർ കമ്മിറ്റി ശുപാർശ നടപ്പിലാക്കാൻ 10 കോടി രൂപ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജ്, പിന്നോക്ക സമുദായ വികസനം, പിന്നോക്കസമുദായ കോർപ്പറേഷൻ, പിന്നോക്ക സമുദായ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ്

എന്നിവയ്ക്കുവേണ്ടി ഫണ്ട് വകയിരുത്തുന്നത് ചരിത്രത്തിലാദ്യമായിട്ടാണ്. അനാഥ കുട്ടികൾക്ക് നൽകുന്ന സർക്കാർ ധനസഹായം 50 രൂപയായി വർദ്ധിപ്പിച്ചു. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇൻകംടാക്സ് എക്സംപ്.ഷൻ ഉണ്ടെങ്കിലും ആ സ്ഥാപനത്തിനകത്ത് ഒരു ആരാധനാലയം ഉണ്ടെങ്കിൽ എക്സംപ്ഷൻ കൊടുക്കില്ല എന്ന കേന്ദ്രഗവൺമെന്റ് പ്രഖ്യാപനത്തിനെതിരെ ശക്തമായി പ്രതികരിക്കാൻ എല്ലാവരും തയ്യാറാകണം.

ശ്രീ. എ. പ്രദീപ് കുമാർ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സാമ്പത്തിക വളർച്ചയെ ഉൽപ്പാദന വളർച്ചയുമായി ബന്ധിപ്പിക്കാൻ ഉതകുന്ന നിർദ്ദേശങ്ങൾ ഈ ബഡ്ജറ്റിൽ ഉണ്ട്. ലൈറ്റ് എൻജിനീയറിംഗ് മേഖലകൾക്ക് കൂടുതൽ ഊന്നൽ നൽകാനും സ്വകാര്യ നിക്ഷേപങ്ങളെ ആ മേഖലയിലേയ്ക്ക് ക്ഷണിച്ചു വരുത്താനുമുള്ള സാദ്ധ്യതകൾ ബഡ്ജറ്റിന്റെ ഭാഗമായി വന്നിട്ടുണ്ട്. യു.ഡി.എഫ് ഭരണകാലത്ത് കുടിശ്ശിക വരുത്തിയ പെൻഷൻ ആനുകൂല്യങ്ങൾ നൽകിയതിനു പുറമേ തുകയിൽ ഗണ്യമായ വർദ്ധനവ് വരുത്തുകയും ചെയ്തു. പാലോളി മുഹമ്മദ്കുട്ടി കമ്മിറ്റി ശുപാർശ നടപ്പിലാക്കുന്നതിന് 10 കോടി രൂപയും അനാഥർക്കുള്ള ഗ്രാന്റ് വർദ്ധിപ്പിക്കാൻ 3 കോടി രൂപയും പ്രവാസി ക്ഷേമനിധിക്കുവേണ്ടി 3 കോടി രൂപയും നീക്കിവച്ചു. കോഴിക്കോട് നഗര വികസനത്തിന്റെ ഭാഗമായി 13 റോഡുകളുടെ നവീകരണം യാഥാർത്ഥ്യമാകണമെങ്കിൽ ലാന്റ് അക്വിസിഷന് ആവശ്യമായ പണം കൂടി അനുവദിക്കുന്നതിന് സന്നദ്ധമാകണം. കോഴിക്കോട് സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന് 20 കോടി രൂപ വക യിരുത്തിയിട്ടുണ്ട്. പുതിയ വികസന തന്ത്രത്തിന്റെ ഭാഗമായി ഐ.ടി.

മേഖലയ്ക്കും ടൂറിസം മേഖലയ്ക്കും ഊന്നൽ നൽകണം. അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പദവിയിലേയ്ക്ക് ഉയർത്തപ്പെട്ടിരിക്കുന്ന കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനത്തിന് ആവശ്യമായ പണം വകയിരുത്തണം. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഉൽപ്പന്നങ്ങൾ വിൽക്കുന്ന തദ്ദേശീയ ഉൽപ്പാദക യൂണിറ്റുകളുടെ നികുതി നിരക്ക് 4 ശതമാനമായി നിജപ്പെടുത്താനുള്ള തീരുമാനം സ്വാഗതാർഹമാണ്. സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് വിൽപ്പന നികുതിക്കും മൂല്യവർദ്ധിത നികുതിക്കും ഒരു ശതമാനം സെസ്സ് ഏർപ്പെടുത്തിയതിനെ എതിർക്കുന്നത് ഗവണ്മെന്റ് പ്രതിസന്ധിയിൽപ്പെടണമെന്ന് ചിന്തിക്കുന്നതുകൊണ്ടാണ്. സ്വർണ്ണത്തിന് കോംപൗണ്ടിംഗ് നിരക്ക് കൊണ്ടുവന്നതിലൂടെ 2007-ൽ പിരിച്ചെടുത്ത 97.8 കോടിരൂപ അവശവിഭാഗങ്ങളുടെ ക്ഷേമപദ്ധതികൾക്ക് വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്. റവന്യൂ വരുമാനം വർദ്ധിപ്പിച്ച് റവന്യൂ ചെലവ് കുറയ്ക്കുന്നതിന് ഗവണ്മെന്റ് സ്വീകരിച്ചിരിക്കുന്ന സമീപനം സ്വാഗതാർഹമാണ്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ : ബഡ്ജറ്റിനെ എതിർക്കുന്നു. കഴിഞ്ഞ ബഡ്ജറ്റിൽ ലക്കിവാറ്റിലൂടെ ധാരാളം വരുമാനം സ്വരൂപിക്കാൻ കഴിയുമെന്ന് ഗവണ്മെന്റ് പ്രഖ്യാപിച്ചുവെങ്കിലും ആ പദ്ധതി വിജയിച്ചോ എന്ന കാര്യത്തിൽ വിലയിരുത്തൽ നടത്തിയിട്ടില്ല. ഫ്ളാറ്റുകളുടെ രജിസ്ട്രേഷൻ ചാർജ്ജ് വർദ്ധിപ്പിച്ചെങ്കിലും പ്രതീക്ഷിച്ച തുക ഗവണ്മെന്റിന് ലഭിച്ചില്ല. ഇ.എം.എസ്. പാർപ്പിട പദ്ധതിപ്രകാരം ഒരു വീടുപോലും നിർമ്മിക്കുന്നതിന് കഴിഞ്ഞിട്ടില്ല. കെ.എസ്.ആർ.ടി.സി.യുടെ 700 കോടി രൂപയുടെ കടം എഴുതുത്തള്ളുമെന്ന് ഈ ബഡ്ജറ്റിൽ പറയുന്നുണ്ടെങ്കിലും കഴിഞ്ഞവർഷം ഗവണ്മെന്റ്

നൽകിയ ധനസഹായത്തിന്റെ ഗുണങ്ങൾ ഈ സ്ഥാപനത്തിന് ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടില്ല.

ശ്രീ. പി. ജയരാജൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ വികസനത്തിനാവശ്യമായ കർമ്മപരിപാടികളും നിർദ്ദേശങ്ങളുമുള്ള ബഡ്ജറ്റാണിത്. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് റിസർവ് ബാങ്കിന്റെ പഠനം വ്യക്തമാക്കുന്നത് 2007-2008-ലെ ധനകമ്മി മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ 3 ശതമാനത്തിൽ താഴെയായിരിക്കുന്നുവെന്നാണ്. റവന്യൂ വരുമാനം വർദ്ധിപ്പിക്കാൻ സുതാര്യമായ ധനനയമാണ് ഈ ഗവണ്മെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. രണ്ട് വർഷംകൊണ്ട് ധനകമ്മിയിൽ 1.44 ശതമാനത്തിന്റെ കുറവാണ് വന്നിരിക്കുന്നത്. സർക്കാർ ജീവനക്കാർക്ക് ശമ്പള കമ്മിഷന്റേതുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ കൊടുത്തിട്ടും ധനകമ്മി കുറയ്ക്കുവാൻ കഴിഞ്ഞത് ഗവണ്മെന്റിന്റെ നേട്ടമാണ്. നികുതി വരുമാനത്തിൽ രണ്ട് വർഷത്തിനകം 22 ശതമാനത്തിന്റെ വർദ്ധനവുണ്ടായി. 2010-11 ആകുമ്പോൾ റവന്യൂ കമ്മി പൂർണ്ണമായും ഇല്ലാതാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. 2007-08-ൽ ധനകമ്മി 4.8 ശതമാനമായും റവന്യൂ കമ്മി 3.4 ശതമാനമായും കുറയ്ക്കുക എന്നതാണ് ഗവണ്മെന്റിന്റെ ലക്ഷ്യം. സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് ബഡ്ജറ്റിൽ പ്രതിപാദിച്ചിട്ടുണ്ട്. കർഷകരുടെ പ്രശ്നങ്ങൾ, തൊഴിലില്ലായ്മ, ദാരിദ്ര്യനിർമ്മാർജ്ജനം എന്നിവ പരിഹരിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികളാണ് ബഡ്ജറ്റിൽ വിഭാവനം

ചെയ്തിരിക്കുന്നത്. കാർഷിക മേഖല, പരമ്പരാഗത വ്യവസായ മേഖല, എന്നിവയുടെ വികസനത്തിന് ഊന്നൽ നൽകി ഐ.ടി. ഉൾപ്പെടെയുള്ള വ്യവസായങ്ങൾ കൊണ്ടുവരുന്നതിനുള്ള വികസന തന്ത്രമാണ് നടപ്പാക്കിവരുന്നത്. നഷ്ടത്തിലായിരുന്ന 22 പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ ലാഭകരമാക്കാൻ ഈ ഗവണ്മെന്റിനു കഴിഞ്ഞു. കാർഷിക മേഖലയുടെ വികസനത്തിന് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കർഷക ആത്മഹത്യ അവസാനിപ്പിക്കുന്നതിനുള്ള മാർഗ്ഗം ആലോചിക്കുന്ന ഗവണ്മെന്റാണിത്. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി കൊണ്ടുവരുന്നതിനും കെ.എസ്.ആർ.ടി.സി. ലാഭകരമാക്കാൻ സമയബന്ധിത പരിപാടി ആവിഷ്ക്കരിക്കുന്നതിനും ഗവണ്മെന്റിന് സാധിച്ചിട്ടുണ്ട്. രാഷ്ട്രീയ വിരുദ്ധ പ്രചരണങ്ങൾ നടത്തിയിട്ടും കണ്ണൂരിലെ ജനങ്ങൾ ഇടതുപക്ഷ രാഷ്ട്രീയത്തെ അംഗീകരിക്കുന്നു എന്ന സത്യം നിഷേധിക്കാനാവില്ല. ഈ ബഡ്ജറ്റിനെ ക്രിയാത്മകമായി പിന്തുണയ്ക്കാതെ പ്രതിപക്ഷം വിവാദങ്ങളിലേയ്ക്ക് പോകുന്നത് നിർഭാഗ്യകരമാണ്. സംസ്ഥാനത്തിന്റെ യഥാർത്ഥ സ്ഥിതിയും വികസനത്തിനുവേണ്ടിയുള്ള കർമ്മപരിപാടികളും ഈ ബഡ്ജറ്റിലുണ്ട്. ഈ ബഡ്ജറ്റിനെ അനുകൂലിക്കാൻ പ്രതിപക്ഷം തയ്യാറാകണം.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : ബഡ്ജറ്റിനെ എതിർക്കുന്നു. പ്രൊഡക്ടീവ് സെക്ടറിനെ പൂർണ്ണമായും അവഗണിച്ചതും വിലവർദ്ധനവിന് ഇടവരുത്തുന്നതും സാധാരണക്കാരുടെ സ്ഥിതി മോശപ്പെടുത്തുന്നതുമായ ഒരു ബഡ്ജറ്റാണിത്. ജനങ്ങളെ ആകർഷിക്കുന്ന ഒന്നുംതന്നെ ഈ ബഡ്ജറ്റിലില്ല. റവന്യൂ കമ്മിയും ധനകമ്മിയും ഇപ്പോൾ വർദ്ധിച്ചിരിക്കുക

യാണ്. 2006-07 കാലഘട്ടത്തിൽ അപ്രോപ്രിയേഷൻ അക്കൗണ്ട് പ്രകാരം നിയമസഭ പാസ്സാക്കിയ 8824 കോടി രൂപ ചെലവഴിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടില്ല. തകർന്ന സാമ്പത്തിക മാനേജ്മെന്റുമായാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. പ്ലാൻ ഫണ്ട് വെട്ടിക്കുറച്ചിരിക്കുകയാണ്. വിലവർദ്ധനവ് നിയന്ത്രിക്കാനുള്ള യാതൊരു നിർദ്ദേശവും ബഡ്ജറ്റിലില്ല. വാറ്റിന്മേൽ ഒരു ശതമാനം സെസ്സ് ഏർപ്പെടുത്തിയതുമൂലം വീണ്ടും അവശ്യ സാധനങ്ങൾക്ക് വിലവർദ്ധനവുണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. അരിയുടെ വില വർദ്ധിച്ചു. സാധാരണക്കാർക്ക് അനുകൂലമായ രീതിയിലുള്ള കിഴിവുകളൊന്നും ഈ ബഡ്ജറ്റിലില്ല. ഈ സർക്കാർ എക്സൈസ് ഡ്യൂട്ടി എടുത്തുകളഞ്ഞിരിക്കുകയാണ്. ബഡ്ജറ്റിൽ ഒരു പൈസപോലും ഫുഡ് സബ്സിഡി ഇനത്തിൽ വകയിരുത്തിയിട്ടില്ല. പല പ്രധാന വകുപ്പുകൾക്കും നിയമസഭ പാസ്സാക്കിക്കൊടുത്ത തുകകളൊന്നും യഥാസമയം ചെലവഴിക്കാൻ ഗവൺമെന്റിന് സാധിച്ചിട്ടില്ല. പല വകുപ്പുകൾക്കും മുൻ വർഷത്തെ അപേക്ഷിച്ച് വളരെ കുറച്ച് തുകയാണ് ബഡ്ജറ്റിൽ വച്ചിട്ടുള്ളത്. കർഷക കടാശ്വാസ കമ്മിഷനു ലഭിച്ച ഒരു പരാതിപോലും തീർപ്പാക്കാൻ സാധിച്ചിട്ടില്ല. കേന്ദ്ര ഗവണ്മെന്റ് കാർഷിക കടം എഴുതിത്തള്ളുന്നതിനായി 60,000 കോടി രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുകയും ജൂൺ 30-ന് അതിന്റെ പ്രയോജനം കർഷകർക്ക് കിട്ടുന്നതുമാണ്. കർഷകരുടെ ക്ഷേമത്തിനായി യാതൊരു തുകയും ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം കേന്ദ്രം കൊടുത്ത തുക ചെലവാക്കാത്തതിന്റെ ഫലമായി 294 കോടി രൂപയുടെ വർക്ക് സംസ്ഥാനത്തിന് ലാപ്സാകുന്ന സ്ഥിതിയുണ്ടാകുകയാണ്. കേന്ദ്ര ഗവണ്മെന്റ്

അനുവദിക്കുന്ന പണം ചെലവാക്കാതെ കേന്ദ്ര വിരുദ്ധനയങ്ങൾ മാത്രം നടപ്പാക്കുന്ന ഒരു ഗവണ്മെന്റാണിത്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): കേരളത്തിന്റെ വികസനത്തിന് തുടക്കം കുറിക്കുന്ന ദീർഘവീക്ഷണമുള്ള ഒരു ബഡ്ജറ്റാണിതെന്ന കാര്യത്തിൽ സംശയമില്ല. 2010-11 ആകുമ്പോൾ റവന്യൂ കമ്മി നികത്തി മിച്ചമാകും. കഴിഞ്ഞ രണ്ട് വർഷങ്ങളിൽ 17.5 ശതമാനം വച്ച് വരുമാനം കൂടി. 2002-03-ൽ ശമ്പള പരിഷ്ക്കരണത്തിനു ശേഷമുള്ള മൂന്ന് വർഷം 27 ശതമാനം ചെലവ് കൂടി. പിന്നീട് എട്ട് ശതമാനം വച്ച് റവന്യൂ ചെലവ് കൂടി. 2010-11 ആകുമ്പോൾ റവന്യൂ കമ്മി സീറോ ആകുമെന്ന കാര്യത്തിൽ തർക്കമില്ല. റവന്യൂ കമ്മി സീറോയിൽ എത്തണമെങ്കിൽ ഇനിയുള്ള വർഷം റവന്യൂ എക്സ്പെൻഡിച്ചർ കൂടാൻ പാടില്ല. 2010-11-ൽ ഏതാണ്ട് 6,000 കോടി രൂപയുടെ മൂലധന നിക്ഷേപത്തിന് സാധ്യതയുണ്ട്. മൂലധനച്ചെലവ് സംസ്ഥാന വരുമാനത്തിന്റെ 0.68, 0.69 ശതമാനമാണ് വരുന്നത്. സംസ്ഥാനത്തെ പ്രധാനപ്പെട്ട പ്രോജക്ടുകളായ കണ്ണൂർ വിമാനത്താവളം, കരിപ്പൂർ വിമാനത്താവള വിപുലീകരണം, വിഴിഞ്ഞം തുറമുഖം, നാലുവരിപ്പാത, മലയോര ഹൈവേ, കൊച്ചിൻ മെട്രോ പദ്ധതി, കോഴിക്കോട് നഗരവികസന പദ്ധതി എന്നിവയ്ക്ക് എത്ര ഭൂമി അക്വയർ ചെയ്യുന്നുവോ അതിനെല്ലാമുള്ള ബഡ്ജറ്ററി സപ്പോർട്ട് നൽകുന്നതാണ്. 10.5 ശതമാനം പലിശയിൽ ട്രഷറിയിൽ നിന്ന് പണമെടുത്ത് സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഓരോ നിയോജകമണ്ഡലത്തിലും നിലവിലിരിക്കുന്ന സാംഗ്ഷൻഡ് വർക്കുകൾക്കു

പുറമേ ഒരു കോടി രൂപയുടെ വർക്കുകൂടി അനുവദിക്കുന്നതാണ്. പണി തീർന്നു കഴിയുമ്പോൾ അഡീഷണൽ അലോക്കേഷൻ കൊടുക്കും. എസ്റ്റിമേറ്റോടുകൂടി എ.എസ്സിനു പ്രൊപ്പോസൽ വന്നാൽ ആറ് ദിവസത്തിനുള്ളിൽ എ.എസ്. കൊടുക്കുന്നതാണ്. 801 കോടി രൂപയുടെ ഔട്ട്സ്ററാൻഡിംഗ് വർക്കുകൾക്കും പണം കണ്ടെത്തും. ഹയർ സെക്കണ്ടറി മേഖലയിൽ 1700-ഉം വൊക്കേഷണൽ ഹയർ സെക്കണ്ടറി മേഖലയിൽ 400-ഉം കോളേജ് തലത്തിൽ 642-ഉം പോസ്റ്റുകൾ അനുവദിച്ചു. 8 ശതമാനത്തിനപ്പുറത്ത് റവന്യൂ എക്സ്പെൻഡിച്ചർ കൂടുന്നത് ചെറുക്കും. കേന്ദ്ര ഗവണ്മെന്റിന്റെ മൾട്ടി ഗൈഡ് ലേണിംഗ് സെന്റർ (എം.ജി.എൽ.സി) റെഗുലറൈസ്ഡ് ഇൻസ്റ്റിറ്റ്യൂഷനാക്കി മാറ്റുന്ന കാര്യം പരിശോധിക്കുന്നതാണ്. കേരളത്തിന്റെ ഭാവി സാധ്യതകൾ കണക്കിലെടുത്തുകൊണ്ടുള്ള ഒരു ബഡ്ജറ്റാണിത്. ഏപ്രിൽ ഒന്നിന് തുടങ്ങി ജൂൺ 30-നുള്ളിൽ പൂർത്തീകരിക്കുന്ന വിധത്തിൽ സ്കൂൾ മെയിന്റനൻസ്, കാർഷിക പ്രോജക്ടുകൾ തുടങ്ങിയ ചില പദ്ധതികളെക്കുറിച്ച് ബഡ്ജറ്റിൽ നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ആവശ്യമായ ഉദ്യോഗസ്ഥരെ നൽകണമെന്നു ള്ളതാണ് ഒരു നിർദ്ദേശം. വിദ്യാഭ്യാസ വകുപ്പുമന്ത്രിയും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും കൂടിയാലോചിച്ച് 2000 പേരെയെങ്കിലും തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിക്കുന്നതിനുള്ള നടപടി ആലോചിക്കുകയാണ്. പ്രൊട്ടക്ടഡ് ടീച്ചേഴ്സിനെയാണ് ആദ്യം പരിഗണിക്കുന്നത്. വിവിധ ഡിപ്പാർട്ടുമെന്റുകളിൽ എത്ര സർപ്ലസ് സ്റ്റാഫ് ഉണ്ടെന്നുള്ളത് കാബിനറ്റ് സബ് കമ്മിറ്റി പരിശോധിച്ചുവരികയാണ്. ഈ വർഷത്തെ പ്ലാനിംഗ് പ്രോസസ്സിന്റെ ചിട്ടകളിൽ അനുഭവത്തിന്റെ

അടിസ്ഥാനത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്. വിലക്കയറ്റം പിടിച്ചുനിറുത്തുന്നതിനായി 2007-08-ൽ 130 കോടി രൂപ വകയിരുത്തിയതിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് 42.5 കോടി രൂപ കൊടുത്തുകഴിഞ്ഞു, ബാക്കിയുളളത് കൊടുക്കും. കിലോഗ്രാമിന് 3 രൂപ വച്ച് അരി കൊടുക്കുന്ന സ്കീമിന് ഈ വർഷം 100 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. 30 കോടി രൂപ സിവിൽ സപ്ലൈസ് കോർപ്പറേഷനും 5 കോടി രൂപ കൺസ്യൂമർ ഫെഡിനും നീക്കിവച്ചിട്ടുണ്ട്. കൂടുതൽ തുക വേണ്ടിവന്നാൽ സപ്ലിമെന്ററി ഡിമാന്റായി കൊടുക്കും. 2006 സെപ്റ്റംബർ മാസം മുതൽ ഇന്നുവരെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ സാധനങ്ങളുടെ വില ഉയർത്തിയിട്ടില്ല. ഓരോ ഡിപ്പാർട്ടുമെന്റും ആവശ്യമുളള തുക വായ്പയെടുക്കുകയും നഷ്ടം വന്നാൽ അത് ഗവൺമെന്റ് നികത്തിക്കൊടുക്കുകയും ചെയ്യും. ഇ.എം.എസ്. പാർപ്പിട പദ്ധതിയനുസരിച്ച് 50,000 വീടുകളാണ് ഇത്തവണ തദ്ദേശഭരണ സ്ഥാപനങ്ങൾ നിർമ്മിച്ചുതുടങ്ങിയിട്ടുളളത്. അതിനാവശ്യമായ തുക തദ്ദേശഭരണ സ്ഥാപനങ്ങൾ സഹകരണ സംഘങ്ങളിൽ നിന്നും വായ്പയായി എടുക്കുകയും 5 വർഷംകൊണ്ട് പ്ലാൻ ഫണ്ടിൽ അത് കൊടുത്തുതീർക്കുകയും ചെയ്യും. അതുകൊണ്ട് കഴിഞ്ഞതവണ ഇ.എം.എസ്. പാർപ്പിട പദ്ധതിക്ക് നീക്കിവച്ചിരുന്ന 17.5 കോടി രൂപ ലക്ഷംവീട് പദ്ധതിക്ക് ചെലവാക്കുകയാണ്. ഹൗസിംഗ് ബോർഡ് ഹഡ്കോയ്ക്ക് കൊടുക്കാനുളള 2200 കോടി രൂപ അലോട്ടുചെയ്യാൻ

സർക്കാരിന് കഴിയില്ല. അതുകൊണ്ട് കെ.എസ്.ആർ.ടി.സി., കെ.ഡബ്ലിയു.എ. എന്നിവയ്ക്ക് ചെയ്യുന്നതുപോലെ ഹൗസിംഗ് ബോർഡിനും ഒരു പാക്കേജുണ്ടാക്കുകയും പുനരുദ്ധരിക്കുകയും ചെയ്യും. ഹൗസിംഗ് ബോർഡിനുവേണ്ടി ഒരു ഫിനാൻഷ്യൽ കോർപ്പറേഷൻ രൂപീകരിക്കുന്നകാര്യം ആലോചിക്കുന്നുണ്ട്. പൊതു ആരോഗ്യ സംവിധാനത്തിൽ ആരുടെമേലും ഫീസ് അടിച്ചേൽപ്പിക്കാതെ കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ച ഇൻഷ്വറൻസ് പദ്ധതി കേരളത്തിന്റെ സാഹചര്യത്തിനനുസരിച്ച് മാറ്റുകയാണ് ചെയ്യുന്നത്. അതിന്റെ ഫലമായി ഇൻഷ്വറൻസ് ഇല്ലാത്തവർ വന്നാലും ഫീസ് കൊടുക്കണ്ട. കേന്ദ്രഗവൺമെന്റ് സ്കീമുമായി ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു പ്രവർത്തനമാണ് ഇവിടെ നടത്തുന്നത്. വിധവകൾ, 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾ എന്നിവർക്കുള്ള മിനിമം പെൻഷൻ 200 രൂപയാക്കി വർദ്ധിപ്പിച്ചു. കള്ളുചെത്തു തൊഴിലാളികളുടെ പെൻഷൻ 500 രൂപയായി വർദ്ധിപ്പിച്ചിരിക്കുന്നു. ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ള വിഹിതം അപര്യാപ്തമാണെന്നുപറഞ്ഞ പദ്ധതികൾക്ക് ആലോചിച്ച് ഗവൺമെന്റിന്റെ ധനസ്ഥിതികൂടി പരിഗണിച്ച് കൂടുതൽ തുക പ്രഖ്യാപിക്കുന്നതാണ്.. കഴിഞ്ഞ ബഡ്ജറ്റിൽ ഖാദി ബോർഡിനുണ്ടായിരുന്ന പോരായ്മകൾ ഇത്തവണ നികത്തുന്നതാണ്. എതെങ്കിലും സ്ഥാപനത്തിന് അനുവദിച്ച പണം ചെലവാക്കാൻ കഴിഞ്ഞില്ല; ടോക്കൺ അനുവദിക്കണം എന്നുപറഞ്ഞാൽ അനുവദിക്കാൻ കഴിയില്ല. മുൻ രാഷ്ട്രപതി കെ.ആർ.നാരായണന്റെ പേരിലുള്ള ഉഴവൂരിലെ പി.എച്ച്.സി. ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലായി ഉയർത്തുന്നതിന് മുൻ ഗവൺമെന്റ് 4.5 കോടി രൂപയുടെ

എ.എസ്. കൊടുത്തുവെങ്കിലും ഒരുപൈസയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ലായിരുന്നു. 4.5 കോടി രൂപ മുടക്കുന്നതിനുള്ള സ്ഥലസൗകര്യം അവിടെയില്ല. അതുകൊണ്ട് കെ.എച്ച്.ആർ.ഡബ്ലിയു.എസ്. ഡീറ്റെയിൽഡ് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി എൻ.ആർ.എച്ച്.എം. വഴി 75 ലക്ഷം രൂപ കൊടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): മുൻ ഗവൺമെന്റ് എസ്റ്റിമേറ്റോ തുക കണ്ടെത്തുന്നതിനുള്ള സോഴ്സോ ഇല്ലാതെ ഉഴവൂരിലെ പി.എച്ച്.സി.യെ സൂപ്പർ സ്പെഷ്യാലിറ്റിയാക്കുന്നതിനുവേണ്ടി 4.5 കോടി രൂപയുടെ ഭരണാനുമതി കൊടുത്തു. ഈ ഗവൺമെന്റ് എൻ.ആർ.എച്ച്.എം. വഴി 75 ലക്ഷം രൂപ അനുവദിച്ചുവെങ്കിലും അവിടെ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ തന്നെ വേണം, അതിന് *ബഡ്ജറ്റിൽത്തന്നെ* പണം വകയിരുത്തണമെന്നുള്ള അവിടത്തെ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ നിർബന്ധംമൂലം കെട്ടിടം പണി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): പുതിയ സ്കീമുകളൊന്നും ഇപ്പോൾ പ്രഖ്യാപിക്കുന്നില്ല. രാഷ്ട്രീയ കക്ഷി വ്യത്യാസമില്ലാതെ എം.എൽ.എ മാരുടെ മണ്ഡലങ്ങളിലെ രണ്ട് കോടി രൂപ വരെയുള്ള പ്രവർത്തികൾക്ക് എ.എസ്. നൽകും. മാളയിലെ സിവിൽ സ്റ്റേഷനുവേണ്ടി പണം വകയിരുത്തുന്നില്ലെങ്കിലും അതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഹൈക്കോടതി ബഞ്ചിന് 50 ലക്ഷം രൂപയുടെ ടോക്കൻ പ്രൊവിഷൻ വയ്ക്കുന്നതാണ്. തൃശ്ശൂർ മൃഗശാലയ്ക്ക്

അഡീഷണൽ ആതറൈസേഷൻവഴി പണം അനുവദിക്കാം. പി.എം.ജി.എസ്. വൈ.യിൽ വരുന്ന അധികച്ചെലവ് സർക്കാർ ഏറ്റെടുക്കും. വ്യാപാരി-വ്യവസായികളുടെ സർചാർജ്ജ് കൂട്ടുന്ന കാര്യത്തെ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയിൽ തീരുമാനമെടുക്കാം. വെനീർ ഉൾപ്പെടെയുള്ള 26 സാധനങ്ങളുടെ നികുതി നിരക്ക് നാല് ശതമാനമായി കുറച്ചുകൊണ്ട് 1-2-2006-ൽ വിജ്ഞാപനമിറക്കുകയും അതനുസരിച്ചുള്ള ഭേദഗതി 2006-ലെ ധനകാര്യ ആക്ടിൽ ഉൾപ്പെടുത്തുകയും ചെയ്തു. പ്രസ്തുത ഭേദഗതിയിൽ വെനീർ ഒഴികെയുള്ളവയ്ക്ക് 1-4-2005 മുതൽ മുൻകാലപ്രാബല്യം നൽകിയെങ്കിലും വെനീർ അക്കൂട്ടത്തിൽനിന്ന് വിട്ടുപോയിരുന്നു. അതിനാൽ വെനീറിന് 1-4-2005 മുതൽ മുൻകാല പ്രാബല്യം നൽകുന്നതിനായി ആക്ടിൽ ഉചിതമായ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നു. അന്തർ സംസ്ഥാന വിൽപ്പനയിൽ പ്രാധാന്യമുള്ള ചില സാധനങ്ങളെ കേന്ദ്ര വിൽപ്പന നികുതി നിയമത്തിന്റെ 15-ാം വകുപ്പനുസരിച്ച് ഡിക്ളയേർഡ് ഗുഡ്സായി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ സാധനങ്ങൾക്ക് നാല് ശതമാനത്തിൽക്കൂടുതൽ നികുതി ഈടാക്കാൻ പാടില്ലെന്നുള്ള വ്യവസ്ഥയുണ്ട്. ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഒരു ശതമാനം സെസ്സ്, 10 ശതമാനം സർച്ചാർജ് എന്നിവ ഈ സാധനങ്ങളുടെ വിൽപ്പനയ്ക്കുമേലുള്ള നികുതി നിരക്ക് പരോക്ഷമായി ഉയർത്തുമെന്ന് നിയമ വകുപ്പ് ചൂണ്ടിക്കാണിച്ച പശ്ചാത്തലത്തിൽ കേന്ദ്ര വിൽപ്പന നികുതി നിയമ പ്രകാരമുള്ള പ്രഖ്യാപിത ചരക്കുകളെ സെസ്സിൽനിന്നും സർചാർജിൽ നിന്നും ഒഴിവാക്കാൻ ഉദ്ദേശിക്കുന്നു. ഇതുമൂലം അഞ്ച് കോടി രൂപയുടെ നികുതി

നഷ്ടമാണ് പ്രതീക്ഷിക്കുന്നത്. ബാർ ഹോട്ടലുകൾക്ക് പാചകം ചെയ്ത ഭക്ഷണത്തിന് കോംമ്പൗണ്ടിംഗ് വ്യവസ്ഥയിൽ നികുതി അടയ്ക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകളിൽ ചില മാറ്റങ്ങൾ പ്രഖ്യാപിച്ചിരുന്നു. അത് മുൻ മൂന്ന് വർഷങ്ങളിൽ അടച്ച നികുതിയുടെ അടിസ്ഥാനത്തിലാണ് തിട്ടപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ മുൻ വർഷങ്ങളിൽ കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ നികുതിയടച്ചവർ എപ്രകാരമാണ് ഈ വർഷം കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ നികുതിയടയ്ക്കേണ്ടതെന്ന് വ്യക്തമാക്കിയിരുന്നില്ല. ആയത് പരിഗണിച്ച് അത്തരം ബാർ ഹോട്ടലുകൾ കഴിഞ്ഞ വർഷം അടച്ച കോമ്പൗണ്ടിംഗ് നികുതിയുടെ 115 ശതമാനം നിരക്കിലും പാക്കേജ് വാട്ടറിനും സോഫ്റ്റ് ഡ്രിംഗ്സിനും അടച്ച നികുതി 115 ശതമാനം നിരക്കിലും അടച്ച് അവർക്കും കോംമ്പൗണ്ടിംഗ് സമ്പ്രദായം സ്വീകരിക്കാമെന്ന് വ്യക്തമാക്കാൻ ഉദ്ദേശിക്കുന്നു. ഇതുമൂലം നികുതി നഷ്ടപ്പെടുവാൻ സാദ്ധ്യതയില്ല. കേരളത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുന്നതിന്റെ ഡിവിഡന്റ് സംസ്ഥാനത്തെ ജനങ്ങൾക്കും കിട്ടണം. ക്യാപ്പിറ്റൽ എക്സ്പെന്റിച്ചർ അടുത്ത വർഷത്തേയ്ക്കാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും അത് ഈ വർഷം തുടങ്ങുന്നു. ബഡ്ജറ്റ് സഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ)</u>: ‘2008-2009-ലെ സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേൽ സബ്ജക്ട് കമ്മിറ്റികൾ നടത്തേണ്ട പരിശോധന നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ സാദ്ധ്യമല്ലാത്ത സാഹചര്യം

പരിഗണിച്ച് സബ്ജക്ട് കമ്മിറ്റികൾക്ക് പ്രസ്തുത കൃത്യം നിർവ്വഹിക്കുന്നതിന് സൗകര്യം ലഭിക്കുന്നതിനായി നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിലെ 2-ാം ഉപചട്ടം അടുത്ത സമ്മേളനത്തിന്റെ പ്രാരംഭംവരെ സസ്പെന്റ് ചെയ്യുന്നതിന് സഭ തീരുമാനിക്കുന്നു' എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി <u>(ഡോ. തോമസ് ഐസക്ക്)</u> : പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

സഭ വൈകുന്നേരം 4.00 മണിക്ക് പിരിഞ്ഞു.

****************